കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# പൂക്കോട്ടൂർ ഗ്രാമ പഞ്ചായത്ത് ഓഡിറ്റ് റിപ്പോർട്ട്

2016-17

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
മലപ്പുറം ജില്ലാ ഓഡിറ്റ് കാര്യാലയം
e-mail:dompm.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ ചീട്ട സഹിതം)

നം.കെ.എസ്.എ.എം.പി.എം.27/2012/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാഓഡിറ്റ് കാര്യാലയം,
ഇ-മെയിൽ -dompm.ksad@kerala.gov.in

വെബ്-www.lfa.kerala.gov.in
ഫോൺ 0483 2734951

തീയതി. 19-10-2017

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് , (സെക്രട്ടറി മുഖേന)

പൂക്കോട്ടൂർ ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം :പൂക്കോട്ടൂർ ഗ്രാമ പഞ്ചായത്ത് - 2016-17 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട്
- സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പൂക്കോട്ടൂർ ഗ്രാമപഞ്ചായത്തിന്റെ 2016-17 .സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2ലെ ഖണ്ഡികകളിലേയ്ക്കും ഭാഗം 3ലെ ഖണ്ഡികകളിയിലേയ്ക്കും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാന ത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്- പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡപ്യൂട്ടി ഡയറക്ടർ

പകർപ്പ്

1)ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ,തിരുവനന്തപുരം(ഉപരിപത്രം സഹിതം)

2)പഞ്ചായത്ത് ഡപ്യൂട്ടി ഡയറക്ടർ

3)കാര്യാലയ പകർപ്പ്

mac.10/17

നം കെ എസ് എ.എം.പി.എം.27/2012/2017 തിയ്യതി: 19-10-2017

മലപ്പുറം ജില്ലയിലെ പൂക്കോട്ടൂർ ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

മലപ്പുറം ജില്ലയിലെ പൂക്കോട്ടൂർ ഗ്രാമപഞ്ചായത്തിന്റെ 2016-17സാമ്പത്തിക വർഷത്തെ ഭരണവും സാമ്പത്തിക നിയന്ത്രണങ്ങളും സംബന്ധിച്ച കാര്യങ്ങളും ധനകാര്യപത്രികയും ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 14.10.2016 മുതൽ 17.8.2017 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവ പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ എണ്ണത്തിന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. ലഭ്യമാക്കിയ മറുപടി പരിഗണിച്ച ശേഷം നില നിൽക്കുന്ന പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർനടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണങ്ങളുടേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യ ത്തിൽ ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റ് നടത്തുന്നതിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ: ശ്രീ എ.എസ് . ഷാജഹാൻ
ഡെപ്യൂട്ടി ഡയറക്ടർ .

ഓഡിറ്റിന് വിനിയോഗിച്ച സമയം: 18 .8.2017 മുതൽ 30.8.2017വരെ

1. ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ :

| ക്രമ നം | പേര് | ഉദ്യോഗപ്പേര് |
|---|---|---|
| 1 | ശ്രീമതി. ഷീബ. ഇസഡ്. | ഓഡിററ് ഓഫീസർ (ഹ. ഗ്ര.) |
| 2 | ശ്രീ.മൂസ. ഇ. | അസിസ്ററന്റ് ഓഡിററ് ഓഫീസർ |
| 3 | ശ്രീമതി.ലത.ഒ.വി. | ഓഡിററർ |

2.നിർവഹണാധികാരികൾ

പ്രസിഡന്റ്

| പേര് | കാലയളവ് |
|---|---|
| ശ്രീമതി.സുമയ്യ.വി.പി. | 1.4.2016മുതൽ 31.3.2017വരെ |

<u>സെക്രട്ടറി</u>

| ക്രമ നം | പേര് | കാലയളവ് |
|---|---|---|
| 1 | ശ്രീ. പി വേണു. | 1.4.2016മുതൽ 18.7.16വരെ |
| 2 | ശ്രീ.എ. എം. മീതിയാൻ | 19.7.16മുതൽ 4.8.16വരെ |
| 3 | ശ്രീ.അഭിലാഷ്.ടിജി. (ഇൻ ചാർജ്) | 5.8.16മുതൽ 25.9.16വരെ |
| 4 | ശ്രീമതി .ഗീത.പി. (ഇൻ ചാർജ്) | 26.9.16മുതൽ 13.11.16വരെ |
| 5 | ശ്രീമതി .റോസി.സി. (ഇൻ ചാർജ്) | 14.11.2016മുതൽ 22.12.16വരെ |
| 6 | ശ്രീമതി .ആബിദ.ടി. | 23.12.2016മുതൽ 31.3.2017വരെ |

<u>മററുനിർവഹണാധികാരികൾ</u>

<table>
<tr><th>ക്രമ നം</th><th>ഉദ്യോഗപ്പേര്</th><th>പേര്</th><th>കാലയളവ്</th></tr>
<tr><td rowspan="2">1</td><td rowspan="2">കൃഷി ഓഫീസർ</td><td>ശ്രീ.ജെയ്സൽബാബു</td><td>1.4.2016മുതൽ2.4.2016വരെയും<br>15.10.2016മുതൽ31.10.2016വരെയും</td></tr>
<tr><td>ശ്രീ. അരുൺകുമാർ.</td><td>3.4.2016മുതൽ14.10.2016വരെയും<br>1.11.2016മുതൽ31.3.2017വരെ</td></tr>
<tr><td>2</td><td>വില്ലേജ്എക്സ്ററൻഷൻ ഓഫീസർ</td><td>ശ്രീ. സജി സ്ററീഫൻ</td><td>1.4.2016മുതൽ31.3.2017വരെ</td></tr>
</table>

| | | | |
|---|---|---|---|
| 3 | മെഡിയ്ക്കൽ ഓഫീസർ (ആരോഗ്യം) | ഡോ.നസീമ മുബാറക് | 1.4.2016മുതൽ25.10.16വരെ |
| | | ഡോ.ഷീജ പി. | 26.10.2016മുതൽ4.1.16വരെ |
| | | ഡോ.ഉമ്മർ പള്ളിയാളി | 5.1.2016മുതൽ31.3.2017വരെ |
| 5 | മെഡിയ്ക്കൽ ഓഫീസർ (ആയുർ വേദം) | ഡോ. പ്രമീള. | 1.4.2016മുതൽ31.3.2017വരെ |
| 6 | വെറ്ററിനറി സർജൻ | ഡോ.ബിന്ദു പി പിള്ള | 1.4.2016മുതൽ31.3.2017വരെ |
| 7 | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | ശ്രീമതി.ലില്ലി മാത്യു | 1.4.2016മുതൽ31.3.2017വരെ |
| 8 | അസിസ്റ്റന്റ് സെക്രട്ടറി | ശ്രീ. അഭിലാഷ്.ടി ജി. | 1.4.2016മുതൽ26.9.16വരെ |
| | | ശ്രീമതി ഗീത പി. | 27-09-2016 മുതൽ 13-11-2016 വരെ |
| | | ശ്രീമതി .റോസി. സി. | 14-11-2016മുതൽ 31-12-2016 വരെ |
| | | ശ്രീ.മജീദ് .എം. | 1.1.17മുതൽ31.3.2017വരെ |
| 9 | അസിസ്റ്റന്റ് എഞ്ചിനിയർ | ശ്രീ.നിഖിൽ ജെ കുമാർ | 1.4.2016മുതൽ31.3.2017വരെ |
| 10 | ഹെഡ് മാസ്ററർ | ശ്രീ.ഹംസ. പി. കെ. | 1.4.2016മുതൽ31.3.2017വരെ |

ഉള്ളടക്കം

| ക്രമ നം. | ഇനം | ഖണ്ഡിക നമ്പർ |
|---|---|---|

| | | |
|---|---|---|
| 1 | ബജറ്റ് | 1.1 |
| 2 | വാർഷിക ധനകാര്യപത്രിക | 1.2 |
| 3 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് ഓഡിറ്റ് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം. | 1.3 |
| 4 | സാമ്പത്തിക വിശകലനം | 1.4 |
| 5 | ഫണ്ട് വിനിയോഗം | 1.5 |
| 6 | പദ്ധതി അവലോകനം | 1.6 |
| 7 | തനത് വരുമാനം | 1.7 |
| 8 | ക്ഷേമപദ്ധതികൾ | 1.8 |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1.9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1.10 |
| 11 | ആഭ്യന്തരനിയന്ത്രണം | 1.11 |
| 12 | അനുബന്ധ പത്രികകൾ | 1.12 |
| | ഭാഗം II | |
| 13 | ടവറുകളുടെ വസ്തുനികുതി കുടിശ്ശിക ഈടാക്കിയിട്ടില്ല | 2-1 |
| 14 | ജീവനക്കാരുടെ തൊഴിൽ നികുതി അടവാക്കിയില്ല | 2-2 |
| 15 | സ്ഥാപന തൊഴിൽ നികുതി അടവാക്കിയില്ല | 2-3 |
| 16 | ഡി&ഒ ലൈസൻസ് ഫീ കുറവായി ഈടാക്കി | 2-4 |
| 17 | റേഷൻകടകളിൽനിന്നും ലൈസൻസ് ഫീ തൊഴിൽ | 2-5 |

| | | |
|---|---|---|
| | നികുതി എന്നിവഈടാക്കിയില്ല | |
| | ഭാഗം III | |
| 18 | സമയബന്ധിതമായി പ്രൊജക്ടുകൾ നടപ്പാക്കിയില്ല. ഗ്രാമ പഞ്ചായത്തിന്റെ 79.74 ലക്ഷം രൂപ ലാപ്സായി | 3-1 |
| 19 | റൂഫിങ് ഷീറ്റിന് അധിക നിരക്കിൽ തുക നൽകി.ഓഡിറ്റ് നിർദ്ദേശത്തെ തുടർന്ന് 45007 രൂപ തിരിച്ചടച്ചു | 3-2 |
| 20 | സെന്ററിങ് പ്രവൃത്തിക്ക് അധിക നിരക്ക് നൽകി.ഓഡിറ്റ് നിർദ്ദേശത്തെ തുടർന്ന് 15597 രൂപ തിരിച്ചടച്ചു | 3-3 |
| 21 | ക്വാറി മക്ക് ഫില്ലിങ് - അധിക നിരക്ക് നൽകി.ഓഡിറ്റ് നിർദ്ദേശത്തെ തുടർന്ന് 3700 രൂപ തിരിച്ചടച്ചു | 3-4 |
| 22 | ഡെപ്പോസിറ്റ് വർക്ക് - പൂർത്തീകരണ വിവരം ലഭ്യമാക്കിയില്ല | 3-5 |
| 23 | അസിസ്റ്റന്റ് എഞ്ചിനീയർ - പദ്ധതി നിർവ്വഹണം ഒരു വിശകലനം | 3-6 |
| 24 | പരിരക്ഷ പ്രൊജക്ട് - മരുന്നുകൾ ലഭ്യമായില്ല | 3-7 |
| 25 | അസിസ്റ്റന്റ് എഞ്ചിനീയർ -പദ്ധതി നിർവ്വഹണത്തിലെ പൊതു അപാകതകൾ | 3-8 |
| 26 | സ്ററാമ്പ് വാങ്ങിയത് സ്ററാമ്പ് അക്കൗണ്ട് രജിസ്ററിൽ ചേർത്തിട്ടില്ല തുക തിരിച്ചടവാക്കാനുള്ള നിർദ്ദേശത്തെതുടർന്ന് 8080 രൂപ തിരിച്ചടവാക്കി | 3-9 |

| | | |
|---|---|---|
| | | |
| 27 | വീട്ട നിർമ്മാണം പൂർത്തീകരിച്ചില്ല – പൂർത്തീകരണ വിവരം ലഭ്യമാക്കാൻ നിർദ്ദേശം | 3-10 |
| 28 | വിനിയോഗ സാക്ഷ്യപ്പത്രം ഹാജരാക്കിയില്ല – തുക തടസ്സം ചെയ്യുന്നു | 3-11 |
| 29 | ഹോമിയോ മരുന്നുകൾക്കായി മുൻകൂർതുക നൽകി-കരാറുടമ്പടിവച്ചില്ല-മരുന്നുകൾലഭ്യമായില്ല | 3-12 |
| 30 | മഹാത്മാ ഗാന്ധി ദേശീയ തൊഴിലുറപ്പു പദ്ധതി ഭരണച്ചെലവ് 5.5% ൽ അധികരിയ്ക്കുന്നത് _ തുടർ നടപടി സ്വീകരിയ്ക്കുന്നില്ല | 3-13 |
| 31 | തെരുവു വിളക്കു സംയുക്ത പരിശോധന KSEB നടപടി സ്വീകരിക്കുന്നില്ല- തുടർ നടപടി സ്വീകരിക്കാൻ ഓഡിററ് നിർദ്ദേശം | 3-14 |
| 32 | തെരുവു നായ പ്രജനന നിയന്ത്രണം - വിനിയോഗ സാക്ഷ്യപ്പത്രം ഹാജരാക്കിയില്ല – തുക തടസ്സം ചെയ്യുന്നു | 3-15 |
| 33 | ആശ്രയ പ്രേജക്റ്റ് തുടർ സേവനപദ്ധതി(ഒന്നാം ഘട്ടം)തുടർസേവന പദ്ധതി നടപ്പിലാക്കിയില്ല, രണ്ടാം ഘട്ടപദ്ധതി വീട്ടുനിർമ്മാണം മാത്രമായി ചുരുക്കി | 3-16 |
| 34 | ശാരീരികമാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ് തുക കുറവായി നൽകി | 3-17 |

| | | |
|---|---|---|
| | | |
| 35 | എസ് .എസ് .എ -വിനിയോഗവിവരം ലഭ്യമാക്കിയില്ല | 3-18 |
| 36 | ഹെഡ്മാസ്ററർ നിർവ്വഹണം നടത്തിയ പ്രൊജക്ടുകളിലെ അപാകതകൾ | 3-19 |
| 37 | അളവ് പുസ്തകത്തിൽ തെറ്റായ വിവരം രേഖപ്പെടുത്തി കൺവീനർക്ക് അധിക തുക നൽകി. ഓഡിറ്റ് നിർദ്ദേശത്തെ തുടർന്ന് 6633 രൂപ തിരിച്ചടച്ചു. | 3-20 |
| | ഭാഗംIV | |
| 38 | സംയുക്ത പദ്ധതികൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 39 | നിക്ഷേപ പ്രവർത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 40 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് ക്രമീകരിക്കാൻ അവശേഷിക്കുന്നത് | 4-3 |
| 41 | വായ്പ തിരിച്ചടവ് | 4-4 |
| 42 | സ്ഥിരനിക്ഷേപങ്ങൾ | 4-5 |
| 43 | ഓഡിറ്റ് റിക്കവറി | 4-6 |
| 44 | സമാഹ്യത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-7 |
| 45 | ഓഡിററ് പ്രത്യവലോകനം | 4-8 |

| | | |
|---|---|---|
| 46 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-9 |


# ഭാഗം 1

## പൊതു അവലോകനം

### 1-1 ബജററ്

| | |
|---|---|
| 2016-17 ലെ ബജറ്റ് പാസ്സാക്കിയ നം./തിയ്യതി | ( പുതുക്കിയത് ) |

| | |
|---|---|
| 1/4.3.2016 | ഇല്ല |

## 1-2 വാർഷിക ധനകാര്യപത്രിക.

| സാമ്പത്തിക വർഷം | ഓഡിറ്റിൽ ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|---|
| 2016-17 | 31.07.2017 | 18.7.2017 |

## 1-3 വാർഷിക ധനകാര്യപത്രിക. പരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം

| വർഷം | പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നം,തീയതി |
|---|---|---|
| 2016-17 | 20.8.2017 | അനുബന്ധം 1-ആയി ഉൾപ്പെടുത്തിയിട്ടുണ്ട് |

വാർഷിക ധനകാര്യ പത്രികയിലെ അപാകതകൾ

1. AFSപ്രകാരമുള്ള വസ്തു നികുതി ഡിമാന്റ്, പിരിവ്, കുടിശ്ശിക എന്നിവ ഡിമാന്റ് രജിസ്റ്ററുമായി പൊരുത്തപ്പെടുന്നില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഡിമാന്റ് | | കളക്ഷൻ | | ബാലൻസ് | |
|---|---|---|---|---|---|
| AFS പ്രകാരം | രജിസ്റ്റർ പ്രകാരം | AFS പ്രകാരം | രജിസ്റ്റർ പ്രകാരം | AFS പ്രകാരം | രജിസ്റ്റർ പ്രകാരം |
| 3432364 | 3556203 | 1317980 | 1579323 | 2290712 | 2079849 |

2. ബാലൻസ് ഷീറ്റ് ഷെഡ്യൂൾ B-14പ്രകാരമുള്ള ക്ലോസിങ് സ്റ്റോക്ക് തുകയുടെ വിശദാംശങ്ങൾ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല.

3. ബാലൻസ് ഷീറ്റ് ഷെഡ്യൂൾ B-18പ്രകാരമുള്ള അഡ്വാൻസ് തുകയുടെ വിശദാംശങ്ങൾ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല.

4. വാടക രജിസ്റ്ററിൽ വാർഷിക സംക്ഷിപ്തം രേഖപ്പെടുത്തിയിട്ടില്ല.

5. വസ്തു നികുതി കുടിശ്ശികയുടെ വർഷം തിരിച്ച വിവരം ലഭ്യമാക്കിയിട്ടില്ല.

6. MGNREGS അക്കൗണ്ടിലെ വരവ്-ചെലവ് തുകകൾ സ്ഥാപനത്തിലെ രജിസ്റ്ററുമായി പൊരുത്തപ്പെടുന്നില്ല

7. മുൻ വാർഷിക കണക്കിലെ അപാകതകൾ പരിഹരിച്ച് റിപ്പോർട്ട് ചെയ്തിട്ടില്ല.

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുൻബാക്കി | 16412520 |
| വരവ് | 49818376 |
| ആകെ | 66230896 |
| ചെലവ് | 45385884 |
| നീക്കിബാക്കി | 20845012 |

## 1-5 ഫണ്ട് വിനിയോഗം (അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പ്രകാരം)

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് തുക (അലോട്ട്മെന്റ്) | ആകെ തുക | ചെലവ് തുക | നീക്കിയിരിപ്പ് ലാപ്സായ തുക | നീക്കിബാക്കി (RP 40 b പ്രകാരം) | ചെലവ് ശതമാനം |
|---|---|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 0 | 12883699 | 12883699 | 11925103 | 958596 | 0 | 92.55% |
| വികസന ഫണ്ട്(എസ്.സി.പി) | 0 | 4147386 | 4147386 | 2692706 | 1454680 | 0 | 64.93 |
| വികസന ഫണ്ട്(ടി.എസ്.പി) | 0 | 2241 | 2241 | 2241 | 0 | 0 | 100 |
| സംരക്ഷണ ഗ്രാന്റ് (റോഡ്) | 0 | 3977487 | 3977487 | 1031236 | 2946251 | 0 | 25.92 |
| സംരക്ഷണ ഗ്രാന്റ് (റോഡിതരം) | 0 | 3532608 | 3532608 | 2452950 | 1079658 | 0 | 69.44 |
| ധനകാര്യ കമ്മീഷൻ അവാർഡ് | 0 | 7225810 | 7225810 | 5844415 | 1381395 | 0 | 80.88 |
| ലോക ബാങ്ക് സഹായം | 0 | 4287392 | 4287392 | 3733840 | 553552 | 0 | 87.09 |
| MGNREGS | 3003 | 15916125 | 15919128 | 15906031 | 0 | 13097 | 99.91 |
| ബി ഫണ്ട് | 0 | 38013810 | 38013810 | 38013810 | 0 | 0 | 100 |

## 1-6 പദ്ധതി അവലോകനം

എ) ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് | അടങ്കൽ | നടപ്പാക്കിയത് | ചെലവഴിച്ച തുക | ഭാഗികമായി നടപ്പാക്കിയത് | നടപ്പാക്കാത്തവ | പൂർത്തീകരിച്ച പദ്ധതികളുടെ ശതമാനം |
|---|---|---|---|---|---|---|
| 159 | 54513984 | 108 | 32049693 | 0 | 51 | 67.3 |

ബി)പാതി വഴിയിൽ ഉപേക്ഷിച്ച് പാഴ്ച്ചെലവായ പദ്ധതികൾ

ഇല്ല

സി)നിർവഹണ ഉദ്യോഗസ്ഥർനടപ്പിലാക്കിയവ

| നിർവഹണ ഉദ്യോഗസ്ഥർ | അംഗീകാരം ലഭിച്ചത് | അടങ്കൽ | നടപ്പാക്കിയത് | ചെലവഴിച്ച തുക | ഭാഗികമായി നടപ്പാക്കിയത് | നടപ്പാക്കാത്തവ | പൂർത്തീകരിച്ച പദ്ധതികളുടെ ശതമാനം |
|---|---|---|---|---|---|---|---|
| കൃഷിഓഫീസർ | 4 | 1444000 | 4 | 1444000 | 0 | 0 | 100 |
| വെറ്ററിനറി സർജൻ | 4 | 238000 | 3 | 2180000 | 1 | 0 | 75 |

| | | | | | | | |
|---|---|---|---|---|---|---|---|
| എം ഒ (പിഎച് സി) | 1 | 726200 | 1 | 713450 | 0 | 0 | 100 |
| വി ഇ ഒ | 5 | 8011600 | 3 | 3441000 | 1 | 1 | 60 |
| ഐ സി ഡി എസ് സൂപ്പർവൈസർ | 6 | 6300491 | 6 | 5838334 | 0 | 0 | 100 |
| സെക്രട്ടറി | 27 | 7128180 | 23 | 4136365 | 0 | 4 | 85.18 |
| ഹെഡ് മാസ്ററർ | 10 | 3136500 | 10 | 3005210 | 0 | 0 | 100 |
| അസി. എഞ്ചിനിയർ | 95 | 20067772 | 54 | 8189093 | 0 | 41 | 57 |
| എം ഒ (ജി എ ഡി) | 1 | 400000 | 1 | 400000 | 0 | 0 | 100 |

## 1-7 തനതു വരുമാനം

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | %(+)/(-) |
|---|---|---|---|---|
| നികുതിവരവുകൾ | 3745229 | 4222063 | 476834 | 12.73 |
| നികുതിയേതരവരവുകൾ | 2354096 | 2269363 | (-)84733 | (-)3% |
| മറ്റ് വരവുകൾ (ഇനംതിരിച്ച്) | 11964213 | 12409774 | 445561 | 3.8% |
| ആകെ | 18063538 | 18701200 | | |

## 1-8 ക്ഷേമപദ്ധതികൾ

1.തൻവർഷം ഗ്രാമ പഞ്ചായത്ത് നടപ്പാക്കിയ ക്ഷേമപദ്ധതികളുടെ വിശദാംശങ്ങൾ

| ക്ഷേമപദ്ധതിയുടെപേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽ രഹിത വേതനം | 330600 | 198 |
| കർഷകത്തൊഴിലാളിപെൻഷൻ | 4110600 | 426 |

| | | |
|---|---|---|
| വിധവാ പെൻഷൻ | 14357710 | 1243 |
| വാർദ്ധക്യകാല പെൻഷൻ | 14416405 | 1343 |
| വികലാംഗ പെൻഷൻ | 4107855 | 419 |
| വിവാഹധനസഹായം | 450000 | 15 |
| 50 വയസ്സിനു മുകളിലുള്ള, അവിവാഹിതരായ സ്ത്രീകൾക്കുള്ള ധനസഹായം | 219640 | 19 |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 6(4) പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 18.8.2017 ന് സ്ഥാപനത്തിലെ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തി. 17.8.17 തീയതിയിലെ കളക്ഷൻ തുക23496രൂപ അതേ തീയതിയിൽ തന്നെ പൂക്കോട്ടൂർ സർവ്വീസ് സഹകരണബാങ്കിൽ അടവാക്കിയതിനാൽ ക്യാഷ് ബാലൻസ് ഇല്ല.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ക്രമ നം | ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയ്യതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയ്യതി | ഗുരുതരമായ ഓഡിറ്റ് പരാമർശങ്ങൾ |
|---|---|---|---|---|---|
| 1 | പെർഫോമൻസ്ഓഡിറ്റ് | 18.7.17. | 1.4.17മുതൽ 31.6.17 വരെ | 2.8.17 | ഇല്ല |
| 2 | അക്കൗണ്ടൻറ് ജനറലിന്റെ ഓഡിറ്റ് | 25.9.16 | 1995-96മുതൽ 2005-06വരെ | 25.6.09 | ഇല്ല |

## 1-11 ആഭ്യന്തരനിയന്ത്രണം

മാസ്ററർ ഇൻകുമ്പൻസി രജിസ്ററർ സൂക്ഷിച്ചിട്ടുണ്ടെങ്കിലും എല്ലാ നിർവ്വഹണ ഉദ്യോഗസ്ഥരേയും ഉൾപ്പെടുത്തി രജിസ്ററർ കാലികമാക്കിയിട്ടില്ല. നിർവ്വഹണ ഉദ്യോഗസ്ഥരാരും തന്നെ സബ്സിഡിയറി രജിസ്ററർ സൂക്ഷിച്ചിട്ടില്ല. സെക്രട്ടറി പ്രൊജക്ട് രജിസ്ററർ സൂക്ഷിച്ചിട്ടില്ല. തൊഴിൽനികുതി ഡിമാന്റ് രജിസ്ററർ അർദ്ധവാർഷികറിട്ടേണുകൾ എന്നിവയുടെ സൂക്ഷിപ്പ് തൃപ്തികരമല്ല

## 1-12 അനുബന്ധ പത്രികകൾ

ഓഡിറ്റ് സർട്ടിഫിക്കറ്റ് , ബാലൻസ് ഷീറ്റ്, റസീപ്റ്റ് ആന്റ് പേയ്മെന്റ് പത്രിക, ഇൻകം ആന്റ് എക്സ്പെന്റിച്ചർ പത്രിക

# ഭാഗം-2

## വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 ടവറുകളുടെ വസ്തുനികുതി കുടിശ്ശിക ഈടാക്കിയിട്ടില്ല

ലഭ്യമാക്കിയ കണക്കുകൾ പ്രകാരം പഞ്ചായത്തുപരിധിയിൽആകെ 6 മൊബൈൽ ടവറുകൾ ഉണ്ട് .

എന്നാൽ ഈ ടവറുകളുടെ വസ്തുനികുതി നാളിതുവരെയായി ഈടാക്കിയിട്ടില്ല. ഇതു സംബന്ധിച്ച് നൽകിയ

ഓഡിറ്റ് എൻക്വയറിക്ക് (നം.10/23-08-2017) ഗ്രാമപഞ്ചായത്ത് നൽകിയ വിശദാംശങ്ങൾ താഴെ ചേർക്കുന്നു

| ടവറിൻറെ പേര് | വാർഡ്/കെട്ടിടനമ്പർ | ടവറിന്റെ വിസ്തീർണ്ണം | നിർണ്ണയിച്ച നികുതി | കുടിശ്ശിക വിവരം |
|---|---|---|---|---|
| ടാററാ | 1/434 | 84ച.സെ.മീ. | 52970 | 2013-14മുതൽ അടവാക്കാനവശേഷിയ്ക്കുന്നു |
| എസ്ആർസെല്ലുലാർ | 16/154 | 3.8ച.സെ.മീ. | 1796 | 2013-14മുതൽ അടവാക്കാനവശേഷിയ്ക്കുന്നു |
| ബി എസ്എൻ എൽ | 19/494 | 45ച.സെ.മീ. | 16538 | 2013-14മുതൽ അടവാക്കാനവശേഷിയ്ക്കുന്നു |
| റിലയൻസ് | 19/568 | 75ച.സെ.മീ. | 43313 | 2013-14മുതൽ അടവാക്കാനവശേഷിയ്ക്കുന്നു |

ആകെ 114617

മേൽ ടവറുകളുടെ വസ്തുനികുതിയിനത്തിലുള്ള കുടിശ്ശിക പലിശ സഹിതം ഈടാക്കി വിവരം ഓഡിറ്റിനെ അറിയിയ്ക്കേണ്ടതാണ്.

## 2-2 ജീവനക്കാരുടെ തൊഴിൽ നികുതി അടവാക്കിയില്ല

താഴെ കാണിച്ച സ്ഥാപനങ്ങളിലെ ജീവനക്കാർ 2016-17 വർഷത്തെ തൊഴിൽ നികുതി അടവാക്കിയില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | സ്ഥാപനം | അർദ്ധ വർഷം |
|---|---|---|
| 1 | ഗവ: ഹയർ സെക്കന്ററി സ്കൂൾ, പൂക്കോട്ടൂർ | II -ാം അർദ്ധ വർഷം |
| 2 | പോസ്റ്റ് ഓഫീസ്, മാരിയാട് | I,IIഅർദ്ധ വർഷങ്ങൾ |
| 3 | പോസ്റ്റ് ഓഫീസ്, വള്ളുവമ്പ്രം | I -ാം അർദ്ധ വർഷം |
| 4 | പോസ്റ്റ് ഓഫീസ്, പൂക്കോട്ടൂർ | ,, |
| 5 | മുത്തൂറ്റ് ഫിനാൻസ് | I,IIഅർദ്ധ വർഷങ്ങൾ |

മേൽ സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കി വിവരം ലഭ്യമാക്കേണ്ടതാണ്.ഇതു സംബന്ധിച്ച് 7/23.8.17നമ്പറായി ഓഡിറ്റ് എൻക്വയറി നല്കിയിട്ടുണ്ട്.

## 2-3 സ്ഥാപന തൊഴിൽ നികുതി അടവാക്കിയില്ല

താഴെ കൊടുത്തിരിയ്ക്കുന്ന സ്ഥാപനങ്ങൾ 2016-17 വർഷത്തെ സ്ഥാപന തൊഴിൽ നികുതി അടവാക്കിയില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | സ്ഥാപനം | അർദ്ധ വർഷം |
|---|---|---|
| 1 | BSNL | I,IIഅർദ്ധ വർഷങ്ങൾ |
| 2 | വള്ളുവമ്പ്രം സ്രവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്ക്, അത്താണിക്കൽ | ,, |

| | | |
|---|---|---|
| 3 | മുത്തൂറ്റ് ഫിൻ കോർപ്പ്, വള്ളുവമ്പ്രം | II അർദ്ധ വർഷം |

മേൽ സ്ഥാപനങ്ങളിൽനിന്നും സ്ഥാപന തൊഴിൽ നികുതി ഈടാക്കി വിവരം ഓഡിറ്റിനെ അറിയിയ്ക്കേണ്ടതാണ്. ഇതു സംബന്ധിച്ച് 8/23.8.17നമ്പറായി ഓഡിറ്റ് എൻക്വയറി നല്കിയിട്ടുണ്ട്.

## 2-4 ഡി&ഒ ലൈസൻസ് ഫീ കുറവായി ഈടാക്കി

താഴെ കൊടുത്തിരിയ്ക്കുന്ന സ്ഥാപനങ്ങളിൽ നിന്നും ഡി&ഒ ലൈസൻസ് ഫീ കുറവായിട്ടാണ് ഈടാക്കിയത്. ഈടാക്കിയതിൽ കുറവ് വന്ന രൂപ ബന്ധപ്പെട്ട സ്ഥാപനങ്ങളിൽ നിന്ന് ഈടാക്കി വിവരം ലഭ്യമാക്കേണ്ടതാണ്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| രജിസ്റ്ററിലെ ക്രമ നമ്പർ | ലൈസൻസിയുടെ പേര് | സ്ഥാപനം | ദിവസ വരുമാനം /HP | ഈടാക്കേണ്ടത് | ഈടാക്കിയത് | കുറവ് |
|---|---|---|---|---|---|---|
| 29 | ശ്രീമതി ശോഭ.എ (2/131,132) | മാവേലി സ്റ്റോർ | 20000 | 500 | 300 1160110058 15.4.16 | 200 |
| 43 | ശ്രീ.പി.എ ഇബ്രാഹീം ഹാജി (5/469) | വിൻ പൈപ്പ്സ് (പൈപ്പ് നിർമ്മാണം) | 100HP | 1000 | 500/ 1160110058 15.4.16 | 500 |
| 44 | ശ്രീ.മുഹമ്മദാലി. ബി.പി (5/470) | വിന്നർ പ്ലാസ്റ്റിക്സ് (പൈപ്പ് നിർമ്മാണം) | 100HP | 1000 | 500/ 1160110363 15.4.16 | 500 |
| 101 | ശ്രീ. യൂസഫ്. പി.കെ 10/480,A,B,CE,F,G, | മലബാർ ട്രേഡിങ് കമ്പനി | 50000 | 1000 | 500/ 1160110201 3.6.16 | 500 |
| 124 | ശ്രീ.പോൾ.പി.എ (11/94A) | പാസ്റ്റ് മാർക്കറ്റിങ്. (അരി സംഭരണം, വിപണനം) | 30000 | 1000 | 500 11601101326 10.6.16 | 500 |
| 285 | ശ്രീ. ശമീർ അലി.പി (2/894A) | ഗ്രാന്യൂൾസ് നിർമ്മാണം | 90HP | 1000 | 500/ 11601104210 12.1.17 | 500 |
| ആകെ | | | | 5500 | 2800 | 2700 |

9/23.8.2017 നമ്പറായി ഓഡിറ്റ് എൻക്വയറി നൽകിയതിൻപ്രകാരം രജിസ്റ്ററിലെ ക്രമ നം 43,44 പ്രകാരമുള്ള ലൈസൻസികൾ 11601100358,363 എന്നീ രശീതികൾപ്രകാരം1000 രൂപ അടവാക്കിയിട്ടുണ്ട്. ബാക്കി 1700 രൂപ അടവാക്കാനവശഷിയ്ക്കുന്നു.

## 2-5 റേഷൻകടകളിൽനിന്നും ലൈസൻസ് ഫീ തൊഴിൽ നികുതി എന്നിവഈടാക്കിയില്ല

പഞ്ചായത്തു പരിധിയിൽ താഴെ പ്പറയും പ്രകാരം 8റേഷൻകടകൾ പ്രവർത്തിയ്ക്കുന്നുണ്ട്.

| വാർഡ് | സ്ഥലം | എണ്ണം |
|---|---|---|
| 1 | വള്ളുവമ്പ്രം | 1 |
| 5 | പുല്ലാര | 1 |
| 9 | മുണ്ടിതൊടിക | 1 |
| 10 | പൂക്കോട്ടൂർ | 2 |
| 12 | അറവങ്കര | 1 |
| 13 | ന്യൂബസാർ | 1 |
| 15 | അത്താണിയ്ക്കൽ | 1 |

എന്നാൽ ഈ കടകൾക്ക് ലൈസൻസ് നൽകുകയോ , നികുതികൾ ഈടാക്കുകയോ ചെയ്തിട്ടില്ല . റേഷൻവ്യാപാരികളിൽ നിന്നും വരുമാനത്തിനനുസൃതമായി ലൈസൻസ് ഫീയും നികുതികളും ഈടാക്കേണ്ടതു സംബന്ധിച്ച നല്കിയ18/286.8.17 നം ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടിയായി റേഷൻവ്യാപാരികളിൽ നിന്നും നികുതികൾ യഥാസമയം ഈടാക്കുന്നതാണ് എന്നാണ് സെക്രട്ടറി അറിയിച്ചിട്ടുള്ളത്.റേഷൻവ്യാപാരികളിൽ നിന്നും വരുമാനത്തിനനുസൃതമായ ലൈസൻസ് ഫീ,തൊഴിൽനികുതി , സ്ഥാപനതൊഴിൽനികുതി എന്നിവ ഈടാക്കി വിവരം ഓഡിററിനെ അറിയിയ്ക്കേണ്ടതാണ്.

## ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 3-1 സമയബന്ധിതമായി പ്രൊജക്ടുകൾ നടപ്പാക്കിയില്ല. ഗ്രാമ പഞ്ചായത്തിന്റെ 83.74 ലക്ഷം രൂപ ലാപ്സായി

ഗ്രാമ പഞ്ചായത്തിന് പ്ലാൻഫണ്ട്, മെയിന്റനൻസ് ഗ്രാന്റ്, ലോക ബാങ്ക് ധന സഹായം എന്നീ ഇനങ്ങളിൽ ആകെ ലഭിച്ച 3.60 കോടി രൂപയിൽ 83.74 ലക്ഷം രൂപ, സമയബന്ധിതമായി പ്രൊജക്ടുകൾ നടപ്പാക്കാത്തതിനാൽ ലാപ്സാവുകയുണ്ടായി. ഗ്രാമ പഞ്ചായത്തിന്റെ അടിസ്ഥാന സൗകര്യ വികസനത്തിനും മറ്റ് വികസന ആവശ്യങ്ങൾക്കും വേണ്ടി ഉപയോഗപ്പെടുത്താമായിരുന്ന തുകയാണ് പദ്ധതി നിർവ്വഹണത്തിന്റെ കാര്യക്ഷമത ഇല്ലായ്മയും വേഗതക്കുറവും കാരണം നഷ്ടപ്പെടാനിടയായത്.

ഓഡിറ്റ് കാലയളവിൽ ഗ്രാമ പഞ്ചായത്തിന് പ്ലാൻഫണ്ട്, മെയിന്റനൻസ്, ലോക ബാങ്ക് ധന സഹായം എന്നീ ഇനങ്ങളിൽ ആകെ 3.60 കോടി രൂപ വരവുണ്ടായിരുന്നു. എന്നാൽ ഇതിൽ 2.77കോടി രൂപയുടെ പ്രൊജക്ടുകൾ മാത്രമാണ് നടപ്പിലാക്കിയത്. നിർവ്വഹണ ഉദ്യോഗസ്ഥരിൽ അസിസ്റ്റന്റ് എഞ്ചിനീയറാണ് പദ്ധതി പണം ചെലവഴിക്കുന്നതിൽ എറ്റവും പിറകിൽ.

ജനങ്ങളുടെ സഹകരണത്തോടെ ഗ്രാമ സഭകളും വർക്കിങ് ഗ്രൂപ്പുകളുമൊക്കെ ഫലപ്രദമായി ഉപയോഗപ്പെടുത്തി ലഭ്യമായ ഫണ്ടുകൾ മുഴുവൻ വികസന പ്രവൃത്തികൾക്കായി ഉപയോഗപ്പെടുത്താൻ ശ്രദ്ധിക്കേണ്ടതാണ്. ഗ്രാമ സഭകളിൽ നിന്ന് ഉയർന്ന് വരുന്നതാണ് ഓരോ പദ്ധതികളും എന്നതിനാൽ രൂപീകരിച്ച പദ്ധതികൾ നടപ്പിലാക്കാതിരിക്കുന്നത് ജനങ്ങൾക്ക് നൽകിയ വാഗ്ദാനം ലംഘിക്കുന്നതിന് തുല്യമാണ്. ഇത് ജനങ്ങൾ ഗ്രാമ സഭകളിൽ നിന്നും, ഗ്രാമ പഞ്ചായത്തിന്റെ വികസന പ്രവർത്തനങ്ങളിൽ പങ്കാളികളാവുന്നതിൽ നിന്നും പിന്നോട്ട് നിൽക്കുന്നതിന് കാരണമാകുന്നതാണ്.

സർക്കാർ ഉത്തരവുകൾക്കും നിർദ്ദേശങ്ങൾക്കുമനുസരിച്ച് പ്രൊജക്ടുകൾ രൂപീകരിച്ച് ഭരണ സമിതിയും ജീവനക്കാരും ഒത്തൊരുമിച്ച് പ്രവൃത്തിച്ച് പദ്ധതി പണം മുഴുവൻ ചെലവഴിക്കാൻ ഊർജ്ജിത ശ്രമം നടത്തേണ്ടതും വരും വർഷങ്ങളിൽ ഇത്തരത്തിൽ പണം ലാപ്സാവുന്നത് ഒഴിവാക്കാൻ ശ്രമിക്കേണ്ടതുമാണ്.

പദ്ധതി ചെലവിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഫണ്ടിനം | ആക വരവ് | ചെലവ് | ലാപ്സായ തുക |
|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 12883699 | 11925103 | 958596 |
| വികസനഫണ്ട് എസ്.സി.പി. | 4147386 | 2692706 | 1454680 |
| വികസനഫണ്ട് ടി.എസ്..പി. | 2241 | 2241 | 0 |
| സംരക്ഷണഗ്രാന്റ് റോഡ് | 3977487 | 1031236 | 2946251 |
| സംരക്ഷണഗ്രാന്റ് നോൺ റോഡ് | 3532608 | 2452950 | 1079658 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 7225810 | 5844415 | 1381395 |
| പെർഫോമൻസ് ഗ്രാന്റ് | 4287392 | 3733840 | 553552 |
| ആകെ | 36056623 | 27682491 | 8374132 |

## 3-2 റൂഫിങ് ഷീറ്റിന് അധിക നിരക്കിൽ തുക നൽകി.ഓഡിറ്റ് നിർദ്ദേശത്തെ തുടർന്ന് 45007 രൂപ തിരിച്ചടച്ചു

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ ചുവടെ കാണിച്ച മരാമത്ത് പ്രവൃത്തികളിൽ മേൽക്കൂര നിർമ്മാണത്തിനുള്ള 0.50mm കനത്തിലുള്ള പ്രൊഫൈൽ ഷീറ്റ് ന് 791.86/sqm (ഡാറ്റ DSR12.50) നിരക്കാണ് നൽകിയിട്ടുള്ളത്. എന്നാൽ 24.8.2017ന് ഗ്രാമ പഞ്ചായത്ത് അസിസ്റ്റന്റ് എഞ്ചിനീയറുടെ സാന്നിധ്യത്തിൽ മൂന്ന് പ്രവൃത്തി സ്ഥലങ്ങൾ സന്ദർശിച്ചപ്പോൾ രണ്ടിടത്ത് 35mmകനത്തിലുള്ള GIട്രഫോൾഡ് ഷീറ്റും, ഒരിടത്ത് 18mmകനത്തിലുള്ള ഷീറ്റുമാണ് ഉപയോഗിച്ചിട്ടുള്ളത് എന്ന് മനസ്സിലായി. 50mmകനത്തിലുള്ള റൂഫിങ് ഷീറ്റ് മാർക്കറ്റിൽ ലഭ്യമല്ലാത്തതിനാൽ ഗ്രാമ പഞ്ചായത്തുകൾ ഈ ഇനത്തിന് ഒബ്സർവ്ഡ് ഡാറ്റ തയ്യാറാക്കി നിരക്ക് കണ്ടെത്തുകയാണ് ചെയ്യുന്നത്. ഇത്തരത്തിൽ 35mmകനത്തിലുള്ള GIട്രഫോൾഡ് ഷീറ്റിന് മലപ്പുറം ജില്ലയിലെ വിവിധ ഗ്രാമ പഞ്ചായത്തുകൾ തയ്യാറാക്കിയ നിരക്ക് 559/sqm ആണ്. 35mmകനത്തിലുള്ള റൂഫിങ് ഷീറ്റിന് 50mmകനത്തിലുള്ള റൂഫിങ് ഷീറ്റിന്റെ നിരക്ക് നൽകിയത് വഴി

അധികം ചെലവായ 45007 രൂപ ഓഡിറ്റ് നിർദ്ദേശത്തെ തുടർന്ന് വിവിധ രസീതുകൾ പ്രകാരം ഗ്രാമ പഞ്ചായത്തിൽ തിരിച്ചടച്ചു. (117010104144/30.8.2017 രൂപ 16361, 117010104145/30.8.2017 രൂപ 8447, 117010104146/30.8.2017 രൂപ 20199) അപാകതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രവൃത്തി | പ്രവൃത്തി ചെയ്ത അളവ് | നൽകാവുന്ന തുക | നൽകിയ തുക | അധികം |
|---|---|---|---|---|
| പനക്കൽകുണ്ട് അംഗൻവാടി റിപ്പയർ (105/17)<br>ബിൽ. /20.3.2017 തുക. 138763<br>അളവ് പുസ്തകം . അളവ് | 70.26$m^2$ | 39275 | 55636 | 16361 |

| | | | | |
|---|---|---|---|---|
| പുസ്തകത്തിന് നമ്പർ നൽകിയിട്ടില്ല | | | | |
| മുണ്ടിത്തൊടിക അംഗൻവാടി റിപ്പയർ.(104/17)<br>ബിൽ. 45/30.3.2017 തുക.124676<br>അളവ് പുസ്തകം. 28/16-17(18mm മാത്രം) | 18.98$m^2$ | 6583 | 15030 | 8447 |
| പഞ്ചായത്ത് ഷോപ്പിങ് കോംപ്ലക്സ് റിപ്പയറിങ് (16/17)<br>ബിൽ. 31/18.2.2017 തുക. 211559. 470അളവ് പുസ്തകം | 130.160$m^2$ | 71661 | 91860 | 20199 |

## 3-3 സെന്ററിങ് പ്രവൃത്തിക്ക് അധിക നിരക്ക് നൽകി.ഓഡിറ്റ് നിർദ്ദേശത്തെ തുടർന്ന് 15597 രൂപ തിരിച്ചടച്ചു

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ ചുവടെ കാണിച്ച പ്രവൃത്തിയിൽ ഡ്രൈനേജ് വാളിന് വേണ്ടിയുള്ള സെന്ററിങ് പ്രവൃത്തിക്ക് DSRഡാറ്റ 4.3.2 പ്രകാരമുള്ള നിരക്കാണ് അനുവദിച്ച് നൽകിയിട്ടുള്ളത്. എന്നാൽ ഡ്രൈനേജ് വാളിന് വേണ്ടി എർത്ത് വർക്ക് ചെയ്തിട്ടുള്ളതിനാൽ ഫൗണ്ടേഷൻ പ്രവൃത്തിക്ക് ബാധകമായ DSRഡാറ്റ 4.3.1 പ്രകാരമുള്ള നിരക്ക് മാത്രമാണ് ഈ പ്രവൃത്തിക്ക് നൽകാവുന്നത്.

കൂടാതെ ഈ പ്രവൃത്തിയിൽ ഡ്രൈനേജ് വാളിന്റെ ഇരുവശത്തും സെന്ററിങ് പ്രവൃത്തി ചെയ്തതായി കാണിച്ച് കൺവീനർക്ക് തുക നൽകിയിട്ടുണ്ട്. എന്നാൽ 24.8.2017ന് ഗ്രാമ പഞ്ചായത്ത് അസിസ്റ്റന്റ് എഞ്ചിനീയറുടെ സാന്നിധ്യത്തിൽ പ്രവൃത്തി സ്ഥലം സന്ദർശിച്ചപ്പോൾ 11മീറ്റർ നീളത്തിൽ ഒരു വശത്ത് മാത്രമാണ് സെന്ററിങ് ചെയ്തതെന്ന് മനസ്സിലായി. ഈ ഇനത്തിൽ അധികം നൽകിയ 15597 രൂപ ഓഡിറ്റ് നിർദ്ദേശത്തെ തുടർന്ന് 117010104148/30.8.2017 നമ്പർ രസീത് പ്രകാരം ഗ്രാമ പഞ്ചായത്തിൽ അടവാക്കി. അപാകതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രവൃത്തി | അളവ് പുസ്തകം പ്രകാരം അളവ് | യഥാർത്ഥത്തിൽ ചെയ്ത അളവ് | നൽകിയ തുക @459.33 | നൽകാവുന്ന തുക @250.10 | അധികം |
|---|---|---|---|---|---|
| പ്രതീക്ഷഡെകെയർ സെന്റർപുനരുദ്ധാരണം (118/17) ബിൽ 47/30.3.2017 തുക.222573 | 65.20$m^2$ | 57.38$m^2$ | 29948 | 14351 | 15597 |

## 3-4 ക്വാറി മക്ക് ഫില്ലിങ് - അധിക നിരക്ക് നൽകി.ഓഡിറ്റ് നിർദ്ദേശത്തെ തുടർന്ന് 3700 രൂപ തിരിച്ചടച്ചു

ബിൽ. 28/27.3.2017 തുക. 268109

ബിൽ. 29/27.3.2017 തുക. 27000

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി ഗുണഭോക്തൃ സമിതി മുഖേന നടപ്പിലാക്കിയ ചീനിക്കൽ മേലയിൽ റോഡ് കോൺക്രീറ്റ് പ്രവൃത്തിയിൽ (83/17) ഇനം 8 ആയി ചെയ്ത ക്വാറി മക്ക് ഫില്ലിങ് പ്രവൃത്തിക്ക് 1032.42/ $m^3$ $m^3$ പ്രകാരമാണ് നിരക്ക് നൽകിയിട്ടുള്ളത്. എന്നാൽ ഈ ഇനത്തിന് 831.58/ $m^3$ നിരക്ക് മാത്രമാണ് നൽകാവുന്നത്. അധികം തുക നൽകിയ 3700 രൂപ ഓഡിറ്റ് നിർദ്ദേശത്തെ തുടർന്ന് 117010104149/30.8.2017 നമ്പർ രസീത് പ്രകാരം ഗ്രാമ പഞ്ചായത്തിൽ തിരിച്ചടച്ചു. അപാകതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| അളവ് പുസ്തകം | ചെയ്ത അളവ് | നൽകിയ തുക @1032.42/ $m^3$ | നൽകാവുന്ന തുക @831.58 | അധികം |
|---|---|---|---|---|
| 475, 25/16-17 | 18.427 $m^3$ | 19024 | 15324 | 3700 |

## 3-5 ഡെപ്പോസിറ്റ് വർക്ക് - പൂർത്തീകരണ വിവരം ലഭ്യമാക്കിയില്ല

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ പകൽ വീട് വയറിങ് എന്ന പ്രവൃത്തിക്കായി (157/17) ട്രഷറി ബിൽ 44/27.3.2017 പ്രകാരം 50000 രൂപ പിൻവലിച്ച് KSEB യിൽ (എക്സിക്യൂട്ടീവ് എഞ്ചിനീയർ, KSEB ഇലക്ട്രിക്കൽ ഡിവിഷൻ, കോഴിക്കോട്) ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ട്. പ്രസ്തുത തുകയുടെ റസീറ്റ്, വിനിയോഗ/മൂല്യനിർണ്ണയ സാക്ഷ്യപത്രം, KSEB യുമായി ഒപ്പ് വെച്ച കരാർ എന്നിവ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല. ആയത് ലഭ്യമാക്കേണ്ടതാണ്. രേഖകൾ ലഭ്യമാക്കുന്നത് വരെ ചെലവ് തുക തടസ്സം ചെയ്യുന്നു.

## 3-6 അസിസ്റ്റന്റ് എഞ്ചിനീയർ - പദ്ധതി നിർവ്വഹണം ഒരു വിശകലനം

2016-17 വർഷത്തിൽ അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി ആകെ 94 പദ്ധതികൾ തയ്യാറാക്കിയെങ്കിലും 52 പ്രൊജക്റ്റുകൾ മാത്രമാണ് നടപ്പിലാക്കിയിട്ടുള്ളത്. മൊത്തം പദ്ധതികളിൽ 44.68 ശതമാനവും നടപ്പിലാക്കിയിട്ടില്ല. ലഭ്യമായതിൽ 59.19% ഫണ്ടും ചെലവഴിച്ചില്ല. ഇത് ഗ്രാമ പഞ്ചായത്തിന് പദ്ധതി വിഹിതമായി ലഭിച്ച തുകയിൽ 6568076 രൂപ ലാപ്സാകുന്നതിനും കാരണമായി. ഗ്രാമ പഞ്ചായത്തിന്റെ അടിസ്ഥാന സൗകര്യ വികസനത്തിനും മറ്റ് വികസന ആവശ്യങ്ങൾക്കും വേണ്ടി ഉപയോഗപ്പെടുത്താമായിരുന്ന തുകയാണ് പദ്ധതി നിർവ്വഹണത്തിന്റെ കാര്യക്ഷമത ഇല്ലായ്മയും വേഗതക്കുറവും കാരണം നഷ്ടപ്പെടാനിടയായത്

ഗ്രാമ സഭകൾ, വർക്കിങ് ഗ്രൂപ്പ്, വികസന സെമിനാർ തുടങ്ങിയവയിലൂടെ ഉരുത്തിരിഞ്ഞ് വരുന്ന പ്രൊജക്റ്റുകൾ ആവശ്യമായ ഫണ്ട് മുൻകൂറായി ലഭ്യമായിട്ട് പോലും നടപ്പിലാക്കാതിരിക്കുന്നത് ഗുരുതരമായ അപാകതയായി ഓഡിറ്റ് വിലയിരുത്തുന്നു. സർക്കാർ ഉത്തരവുകൾക്കും നിർദ്ദേശങ്ങൾക്കുമനുസരിച്ച് പ്രൊജക്റ്റുകൾ രൂപീകരിച്ച് ഭരണ സമിതിയും ജീവനക്കാരും ഒത്തൊരുമിച്ച് പ്രവൃത്തിച്ച് പദ്ധതി പണം മുഴുവൻ ചെലവഴിക്കാൻ ഊർജ്ജിത ശ്രമം നടത്തേണ്ടതും വരും വർഷങ്ങളിൽ ഇത്തരത്തിൽ പണം ലാപ്സാവുന്നത് ഒഴിവാക്കാൻ ശ്രമിക്കേണ്ടതുമാണ്.

വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഫണ്ട് | പ്ലാൻ ഫണ്ട് | എസ്. സി.പി | ധനകാര്യ കമ്മീഷൻ ഗ്രാന്റ് | ലോക ബാങ്ക് ധന സഹായം | തനത് ഫണ്ട് | മെയിന്റ നൻസ് ഗ്രാന്റ് (റോഡ്) | മെയിന്റ നൻസ് ഗ്രാന്റ് (റോഡിതരം) | മറ്റുള്ളവ | ആകെ |
|---|---|---|---|---|---|---|---|---|---|
| വകയിരു ത്തിയ തുക | 2439523 | 1172974 | 1572113 | 3245619 | 5569118 | 3977487 | 2057608 | 33330 | 20067772 |
| ചെലവഴിച്ച തുക | 1587662 | 779706 | 797781 | 2709023 | 291845 | 1031236 | 991840 | 0 | 8189093 |
| ബാക്കി | 851861 | 393268 | 774332 | 536596 | 5277273 | 2946251 | 1065768 | 33330 | 11878679 |

ലാപ്സായ തുക 6568076 (851861+ 393268 + 774332 +536596 + 2946251 + 1065768)

## 3-7 പരിരക്ഷ പ്രൊജക്ട് - മരുന്നുകൾ ലഭ്യമായില്ല

പ്രൊജക്ട്. പരിരക്ഷ പദ്ധതി (27/17)

ബിൽ. 3/2803.2017 തുക 385600

പ്രാഥമികാരോഗ്യ കേന്ദ്രം മെഡിക്കൽ ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ മേൽ പ്രൊജക്ടിന്റെ ഭാഗമായി മരുന്ന് വാങ്ങിക്കുന്നതിന് 385600 രൂപ കേരള മെഡിക്കൽ സർവ്വീസ് കോർപറേഷന് (KMCL ) നൽകിയിട്ടുണ്ട്. എന്നാൽ ഓഡിറ്റ് തീയ്യതി വരെയും പ്രസ്തുത തുകക്കുള്ള മരുന്ന് ലഭ്യമായിട്ടില്ല. മുഴവൻ തുകക്കുമുള്ള മരുന്ന് കിട്ടിയ വിവരം ലഭ്യമാക്കുന്നത് വരെ ചെലവ് തുക തടസ്സം ചെയ്യുന്നു.

## 3-8 അസിസ്റ്റന്റ് എഞ്ചിനീയർ - പദ്ധതി നിർവ്വഹണത്തിലെ പൊതു അപാകതകൾ

1.പ്രവൃത്തികളുടെ ഫയലിൽ എസ്റ്റിമേറ്റ് റിപ്പോർട്ട്, സൈറ്റ് പ്ലാൻ എന്നിവ ഉള്ളടക്കം ചെയ്തിട്ടില്ല.

2. അളവ് പുസ്തകത്തിൽ മോമ്മോറാണ്ടം ഓഫ് പെയ്മെന്റ് രേഖപ്പെടുത്തിയിട്ടില്ല

3. ഗ്രാമ പഞ്ചായത്ത് റോഡ് കണക്ടിവിറ്റി പ്ലാൻ തയ്യാറാക്കിയിട്ടില്ല. ഓരോ തദ്ദേശ ഭരണ സ്ഥാപനവും റോഡ് കണക്ടിവിറ്റി മാപ്പും റോഡ് കണക്ടിവിറ്റി പ്ലാനും നിർബന്ധമായും തയ്യാറാക്കിയിരിക്കണമെന്നും, ഏതൊരു റോഡ് നിർമ്മാണ പ്രൊജക്ടിനൊപ്പവും റോഡ് കണക്ടിവിറ്റി മാപ്പിൽ പ്രൊജക്ടിലൂടെ നടത്താനുദ്ദേശിക്കുന്ന പ്രവൃത്തി പ്രത്യേക നിറത്തിൽ അടയാളപ്പെടുത്തി സമർപ്പിക്കണമെന്നും പദ്ധതി മാർഗ്ഗരേഖ ഖണ്ഡിക11.15 ൽ പ്രത്യേകം പരാമർശിച്ചിട്ടുള്ളതാണ്. എന്നാൽ ഒരു പ്രവൃത്തിയിലും ഈ നിബന്ധനകൾ പാലിച്ചതായി കണ്ടില്ല.

അപാകതകൾ തുടർ വർഷങ്ങളിൽ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 3-9 സ്ററാമ്പ് വാങ്ങിയത് സ്ററാമ്പ് അക്കൗണ്ട് രജിസ്ററിൽ ചേർത്തിട്ടില്ല തുക തിരിച്ചടവാക്കാനുള്ള നിർദ്ദേശത്തെത്തുടർന്ന് 8080 രൂപ തിരിച്ചടവാക്കി

സ്ററാമ്പ് വങ്ങുന്നതിനായി താഴെ പറയുന്ന വൗച്ചറുകൾ പ്രകാരം 7,000/- രൂപ ചെലവഴിച്ചിട്ടുണ്ട്. എന്നാൽ സ്ററാമ്പ് അക്കൗണ്ട് രജിസ്ററർ പരിശോധിച്ചപ്പോൾ ആ തീയതിയിൽ സ്ററാമ്പ് ആവശ്യത്തിനുണ്ടായിരുന്നതായും ആ തീയതിയിലോ അതിനു ശേഷമോ അവ സ്ററോക്കിൽ ചേർത്തതായോ കണ്ടില്ല .ആകയാൽ സ്ററാമ്പ് വാങ്ങാതെ ചെലവുചെയ്ത തുകഒടുക്കുന്ന തീയതിവരെ 12% നിരക്കിൽ പലിശസഹിതം ഈടാക്കി തിരിച്ചടവാക്കാൻ നിർദ്ദേശിച്ചിരുന്നു.

| ക്രമ നമ്പർ | വൗച്ചർ നമ്പർ/തീയതി | ചെലവു തുക | സ്ററാമ്പ് അക്കൗണ്ട് രജിസ്റററിലെ നീക്കിയിരിപ്പ് |
|---|---|---|---|
| 1 | 21600059/19.4.16 | 5,000/- | 19.4.16 ന് 1078/- രൂപയുടെ സ്ററാമ്പ് |
| 2 | 21600202/18.6.2016 | 2,000/- | 18.6.2016 ന് 205/-രൂപയുടെ സ്ററാമ്പുണ്ട്. |
| ആകെ | | 7,000/- | |

ഓഡിററ് എൻക്വയറി നമ്പർ 2/21.8.17 പ്രകാരം വിശദീകരണം തേടിയപ്പോൾ ഹാജരാക്കിയ മറുപടിയ്ക്കൊപ്പം 29.8.2017ന് രശീതി നമ്പർ 11701104097,117010104102 എന്നീ രണ്ടു രശീതികളിലായി ആകെ 8080/-രൂപ (7840 + 240) ഒടുക്കിയിട്ടുണ്ട്. ഇത്തരം വീഴ്ചകൾ ഒഴിവാക്കേണ്ടതാണ്.

## 3-10 വീട്ടു നിർമ്മാണം പൂർത്തീകരിച്ചില്ല – പൂർത്തീകരണ വിവരം ലഭ്യമാക്കാൻ നിർദ്ദേശം

വി.ഇ.ഒ.നിർവ്വഹണം നടത്തിയ പ്രോജക്റ്റ് നമ്പർ SO 001/17 ലക്ഷം വീട് പുനരുദ്ധാരണം പദ്ധതിക്കായി സംസ്ഥാനാവിഷ്കൃത ഫണ്ട് 3,75,000/- രൂപയും താനത് ഫണ്ട് 6,25,000/- രൂപയും ചേർത്ത് 10,00,000/-രൂപ വകയിരുത്തിയിരുന്നു. എന്നാൽ 2016-17 ൽ 4,10,000/-രൂപ തനതു ഫണ്ട് മാത്രമാണ് ചെലവഴിച്ചത്. നാല് ഗുണഭോക്താക്കൾക്കായി താഴെ പറയും പ്രകാരം തുക ചെലവഴിച്ചിട്ടുണ്ട്. ഒന്നും രണ്ടും ഗഡുക്കൾ കൈപ്പററി വീട്ടു പണി പൂർത്തീകരിച്ചില്ല. പദ്ധതി വിഭാവന ചെയ്ത സംസ്ഥാനവിഷ്കൃതഫണ്ട് ലഭ്യമാക്കി വീട്ടു പണിപൂർത്തീകരിച്ച് വിവരം ഓഡിററിനെ അറിയിക്കേണ്ടതാണ്. .ഓഡിററ് എൻക്വ യറി നമ്പർ17/25.8.17 ന് നൽകിയ മറുപടിയിൽക്രമ നമ്പർ 1ഉം 2ഉം പണിപൂർത്തീകരിച്ചതായി അറിയിച്ചു. സ്പിൽ ഓവർ പദ്ധതിയിലൂടെ തുക അനുവദിക്കുന്നതാണെന്നും ക്രമ നമ്പർ 3,4,എന്നിവർ പണ് പൂർത്തീകരിക്കുന്ന മുറയ്ക്ക് ധനസഹായം നൽകുന്നതാണെന്നും അറിയിച്ചു. വിശദ വിവരം ചുവടെ ചേർക്കുന്നു. (അടങ്കൽ:2,00,000/-)

| ക്രമ നമ്പർ | ഗുണഭോക്താവിന്റെ പേര് | കൈപ്പററിയ തുക/തീയതി |
|---|---|---|
| 1 | ശ്രീ.കുഞ്ഞി മുഹമ്മദ് s/oമൊയ്തീൻ,കാഞ്ഞിരക്കുഴിയൻ,തടപ്പറമ്പ്,പൂക്കോട്ടൂർ.പി.ഒ. | 80,000/- തീയതി 16.1.17ചെക്ക് നം.009327<br>45,000/- തീയതി 4.4.17 ചെക്ക് നം.009330 |
| 2 | ശ്രീമതി.സുബൈദ മങ്കരതൊടി | 80,000/- തീയതി 12.1.17 ചെക്ക്.നം 009326<br>45,000/- തീയതി 7.4.17 ചെക്ക് നം. 009331 |
| 3 | ശ്രീ.ഷംസുദ്ദീൻ,s/oമറിയുമ്മ,കോതൊടി,തടപ്പറമ്പ് | 80,000/- തീയതി21.2.17 ചെക്ക്നം.009328 |
| 4 | ശ്രീ.ഇബ്രാഹീം,മുണ്ടിയൻതറ,തടപ്പറമ്പ്,പൂക്കോട്ടൂർ.പി.ഒ. | 80,000/- തീയതി 1.3.17 ചെക്ക് നം. 009329 |

വി.ഇ.ഒ. പേരിലെ ബാങ്ക് അക്കൗണ്ട് ക്ലോസ് ചെയ്ത് സർക്കാരിലേയ്ക്ക് തിരിച്ചടവാക്കാൻ നിർദ്ദേശം:-

കേരളാ ഗ്രാമീൺ ബാങ്ക് പൂക്കോട്ടൂർ ശാഖയിൽ അക്കൗണ്ട് നം. 40146100108805 ആയി EMS ഭവന പദ്ധതിക്കായി തുടങ്ങിയ എസ്.ബി.അക്കൗണ്ടിൽ 16,999/- രൂപ 1.5.17ന് (പലിശയടക്കം)നീക്കിയിരിപ്പുണ്ട്. നിലവിവൽ പ്രത്യേക ബാങ്ക് അക്കൗണ്ട് അനുനദനീയമല്ലാത്തതിനാൽ തുക കൺസോളിഡേററഡ് ഫണ്ടിലേയ്ക്ക് തിരിച്ചടവാക്കി വിവരം ഓഡി ററിനെ അറിയിക്കേണ്ടതാണ്.(ഓഡിററ് എൻക്വയറിയ്ക്ക് ഹാജരാക്കിയ മറുപടിയിൽ തുക തിരിച്ചടവാക്കി വിവരം അറിയിക്കുന്നതാണെന്നറിയിച്ചു.)

## 3-11 വിനിയോഗ സാക്ഷ്യപ്പത്രം ഹാജരാക്കിയില്ല - തുക തടസ്സം ചെയ്യുന്നു

-സെക്രട്ടറി നിർവ്വഹണം നടത്തിയ താഴെ പറയുന്നപദ്ധിതികൾക്കായി ചുവടെ ചേർക്കുന്ന വൗച്ചറുകൾ പ്രകാരം വിവിധ സ്ഥാപനങ്ങളിൽ തുക ഡെപ്പോസിററ് ചെയ്തിട്ടുണ്ട്. എന്നാൽ ഇവയുടെ വിനിയോഗ/പൂർത്തീകരണ രേഖകൾ ഓഡിററിന് ഹാജരാക്കിയില്ല.കരാറുടമ്പടി വക്കാതെയാണ് എസ്ററിമേററ് തുക മുൻകൂറായി മേൽ സ്ഥാപനങ്ങൾക്ക് കൈമാറിയത്. ക്രമനമ്പർ 7 ഒഴികെയുള്ളവയ്ക്ക് കൈപ്പററു രശീതിയും ഹാജരാക്കിയില്ല.ഓഡിററ് എൻക്വയറി 4/21.8.2017 പ്രകാരം വിശദീകരണം തേടിയിട്ടുണ്ട്.വിനിയോഗ/പൂർത്തീകരണ രേഖകൾ ലഭ്യമാക്കുന്നതു വരെ ചെലവു തുക19,04,930/-രൂപ ഓഡിററിൽ തടസ്സം ചെയ്യുന്നു

| ക്രമ നമ്പർ | വൗച്ചർ നമ്പർ/ബിൽ നമ്പർ തീയതി | വിവരണം | തുക | സ്ഥാപനം |
|---|---|---|---|---|
| 1 | ബിൽ നമ്പർ 15/16-17 തീ.08.03.17 | പ്രോജക്ട് നമ്പർ s0162/17 സമ്പൂർണ്ണ വൈദ്യുതീകരണം | 3,00,000 | അസി.എക്സി.എഞ്ചിനീയർ KSEB മഞ്ചേരി |
| 2 | ബിൽ നമ്പർ 32/16-17 തീ.27.3.17 | പ്രോജക്ട് നമ്പർ s0138/2017പഞ്ചായത്ത് ഓഡിററോറിയം റീ വയറിംഗ് | 27477 | എക്സി.എഞ്ചിനീയർ PWD ഇല.ഡിവിഷൻ കോഴിക്കോട്. |
| 3 | ബിൽ നമ്പർ 33/16-17 | --ടി -- | 451773 | --ടി-- |
| 4 | ബിൽ നമ്പർ21/16-17 തീ.08.03.17 | പ്രോജക്ട് നമ്പർ s0125/17 ഐ.കെ.എം വിഹിതം നല്കിയത് | 52280 | എക്സി.ഡയറക്ടർ IKM തിരുവനന്തപുരം |
| 5 | ബിൽ നമ്പർ 18/16-17 തീ.8.3.17 | പ്രോജക്ട് നമ്പർ S0164/17 നിലവിലുള്ള തെരുവുവിളക്കുകൾക്ക് മീററർ സ്ഥപിക്കലും 9 മുതൽ വാർഡുകളിൽ സ്ട്രീററ് മെയിൻ സ്ഥപിക്കലും | 276105 | അസി.എഞ്ചിനീയർKSEB ഇലക്ട്രിക്കൽ സെക്ഷൻ വള്ളുവമ്പ്രം. |
| 6. | ബിൽ നമ്പർ 19/16-17 തീ.8.3.17 | --ടി -- | 422295 | --ടി -- |
| 7 | ബിൽ നമ്പർ 23/16-17 തീ.13.3.17 | പ്രോജക്ട് നമ്പർ S0161/17 തൃക്കലങ്ങോട് പഞ്ചായത്ത് സംയുക്ത കുടിവെള്ള സർവ്വേ | 1,50,000 | എക്സി.എഞ്ചിനീയർ KWA മലപ്പുറം. |

| | | | | |
|---|---|---|---|---|
| | | നടത്തുന്നതിന് KWA ക്ക് വിഹിതം നൽകിയത് | | |
| 8 | ബിൽ നമ്പർ 30/16-17 തീ.27.3.17 | പ്രോജക്ട് നമ്പർ S0129/17 അംഗനവാടി വൈദ്യുതീകരണം(6 അംഗനവാടികൾ) | 90,000 | എക്സി. എഞ്ചിനീയർ PWD കോഴിക്കോട് |
| 9. | ബിൽ നമ്പർ 31/16-17 തീ.27.3.17 | --ടി -- | 1,35,000/- | --ടി-- |
| ആകെ | | | 19,04,930/- | |

v

## 3-12 ഹോമിയോ മരുന്നുകൾക്കായി മുൻകൂർതുക നൽകി-കരാറുടമ്പടിവച്ചില്ല-മരുന്നുകൾലഭ്യമായില്ല

സെക്രട്ടറി നിർവ്വഹണം നടത്തിയ പ്രൊജക്ട് നമ്പർ S0097/17പൂക്കോട്ടൂർആയുഷ് (എൻ .എച്ച്.എം-)ഹോമിയോ ഡിസ്പെൻസറിയ്ക്ക് മരുന്നുവാങ്ങൽ പദ്ധതിക്കായി മെയിന്റനൻസ്ഗ്രാന്റ് (റോഡിതരം)ഫണ്ടിൽനിന്ന് 100000/- രൂപ വകയിരുത്തിയിരുന്നു. സ.ഉ.(സാ.ധാ)നമ്പർ 876/2013/ ത.സ്വ.ഭ.വ./ 30.3.13. പ്രകാരം ഹോംകോയിൽനിന്ന് മരുന്നുവാങ്ങുന്നതിന്അവർ നൽകുന്ന ഇൻവോയ്സ് പ്രകാരം മുൻകൂർതുക ട്രഷറിയിൽനിന്ന് പിൻവലിക്കാൻ അനുവാദം നല്കിയിട്ടുണ്ട് . ബിൽനമ്പർ 22//2016-17 08.03.2017 പ്രകാരംമാറിയത് ഹോംകോ, മാനേജിംഗ്ഡയറക്ടറുടെഅക്കൗണ്ടിലേയ്ക്ക് കൈമാറിയിട്ടുണ്ട് .ഓഡിററ് തീയതിയായ 21.08.2017 നംമരുന്നുകൾ ലഭ്യമായിട്ടില്ല. മരുന്ന ലഭ്യമാകാത്തതിന് തുടർനടപടിയൊന്നും തന്നെ നിർവ്വഹണം ഉദ്യോഗസ്ഥൻ സ്വീകരിച്ചിരുന്നില്ല.ഓഡിററ് എൻക്വയറി03/21.08.2017ന്ഹാജരാക്കിയ മറുപടിയിൽ മരുന്ന ലഭ്യമാക്കി വിവരം അറിയിക്കുന്നതാണെന്നറിയിച്ചു.1,00,000/-- രൂപയുടെ മരുന്നുകൾ ലഭ്യമാകാത്ത സാഹചര്യത്തിൽ ചെലവുതുക-1,00,000/--രൂപ ഓഡിററിൽ തടസ്സം ചെയ്യുന്നു. മരുന്നുലഭ്യമാക്കി വിവരം ഓഡിററിനെ അറിയിക്കേണ്ടതാണ്.

## 3-13 മഹാത്മാ ഗാന്ധി ദേശീയ തൊഴിലുറപ്പ് പദ്ധതി ഭരണച്ചെലവ് 5.5% ൽ അധികരിയ്ക്കുന്നത് _ തുടർ നടപടി സ്വീകരിയ്ക്കുന്നില്ല

സർക്കാർ ഉത്തരവ്(സാധാ)നം999/2017/ത.സ്വ.ഭ.വ. തീയതി 30.03.2017 പ്രകാരം ജില്ലാ ഓഫീസുകളിലും ഗ്രാമ- ബ്ലോക്ക് പഞ്ചായത്തുകളിലും കരാറടിസ്ഥാനത്തിൽ ജോലിചെയ്യുന്ന മഹാത്മാ ഗാന്ധി ദേശീയ തൊഴിലുറപ്പ് പദ്ധതിയിലെ ജീവനക്കാരുടെ വേതനം, ഭരണച്ചെലവ് ആകെ ചെലവിന്റെ 5.5% ൽ അധികരിയ്ക്കരുത് എന്ന വ്യവസ്ഥയിൽ, വർദ്ധിപ്പിച്ച് നൽകിയിരുന്നു. പൂക്കോട്ടൂർ ഗ്രാമ പഞ്ചായത്തിൽ 2016-17 ൽ ആകെ ചെലവ് 1,75,86,710/- രൂപയാണ്. എന്നാൽ ഭരണച്ചെലവ് 9,67,269/- രൂപയാണ്. ഉത്തരവ് പ്രകാരം അനുവദനീയമായ ഭരണച്ചെലവ്9,98,081/- രൂപയാണ്. 5.5%ൽ കൂടുതൽ വേതനം നൽകുന്ന പഞ്ചായത്തുകളിൽ തസ്തികകളുടെ എണ്ണം സംബന്ധിച്ച് മിഷൻ ഡയരക്ടർ ഒരു വാർഷിക വിലയിരുത്തൽ നടത്തി തസ്തികകളുടെ എണ്ണം ക്രമീകരിക്കേണ്ടതുണ്ട്.എന്നാൽ അത്തരത്തിലുള്ള ഒരു വാർഷിക വിലയിരുത്തൽ നടത്തിയതായി കാണുന്നില്ല. ഭാവിയിൽ ഭരണച്ചെലവ് 5.5% ൽ പരിമിതപ്പെടുത്താൻ ശ്രദ്ധിക്കേണ്ടതാണെന്നും ഇപ്പോൾ അധികരിച്ച നൽകിയ (998081-967269)30,812/-രൂപയ്ക്ക് വിശദീകരണം ലഭ്യമാക്കേണ്ടതുമാണ് എന്ന് കാണിച്ച് നൽകിയ ഓഡിററ് എൻക്വയറി നമ്പർ 05/21.08.2017 ന് മറുപടി ഹാജരാക്കിയില്ല. ഭരണച്ചെലവ് 5.5% ൽ അധികരിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 3-14 തെരുവു വിളക്കു സംയുക്ത പരിശോധന KSEB നടപടി സ്വീകരിക്കുന്നില്ല- തുടർ നടപടി സ്വീകരിക്കാൻ ഓഡിററ് നിർദ്ദേശം

പൂക്കോട്ടൂർ പഞ്ചായത്തിൽ പ്രതിമാസം തെരുവുവിളക്കുകൾക്കും ഹൈമാസ്ററ് ലൈററുകൾക്കുമായി 104438/-രൂപ ഒടുക്കി വരുന്നു. (തെരുവുവിളക്കുകൾക്ക് മാത്രമായി 102117/- രൂപ ഒടുക്കി വരുന്നു )ആകെ 545 എണ്ണത്തിൽ CFL 85W 370, CFL 2 X 15 W 92, CFL $ X 36 W 19, സോഡിയം വേപ്പർ ലാമ്പ് 64 എന്നിവയാണുള്ളത്. നിലവിലെ സി.എഫ്.എൽ, സോഡിയം വേപ്പർ ലാമ്പ് എന്നിവ മുഴുവനും പ്രകാശിക്കുന്നില്ല എന്നും സംയുക്ത പരിശോധന അനിവാര്യമാണെന്നും കാണിച്ച് 301.17,21.4.17 തീയതികളിൽ പഞ്ചായത്ത് KSEB യ്ക്ക് കത്ത് നൽകിയെങ്കിലും യാതൊരു വിധ തുടർനടപടിയും KSEB സ്വീകരിച്ചില്ല. വീണ്ടും കത്ത് നൽകി തുടർനടപടി വിവരം ഓഡിററിനെ അറിയിക്കേണ്ടതാണ്.

## 3-15 തെരുവു നായ പ്രജനന നിയന്ത്രണം - വിനിയോഗ സാക്ഷ്യപ്പത്രം ഹാജരാക്കിയില്ല - തുക തടസ്സം ചെയ്യുന്നു

പ്രോജക്ട് നമ്പർ എസ്.ഒ.132/17 പേവിഷ നിയന്ത്രണവും അനുബന്ധ പദ്ധതികളും എന്ന പദ്ധതിക്കായി വികസന ഫണ്ടിൽനിന്നും വകയിരുത്തിയ 50000/-രൂപ നിർവ്വഹണ ഉദ്യോഗസ്ഥനായ വെററിനറി ഡോക്ടർ ബിൽ നമ്പർC4/16-17 16.3.2017 പ്രകാരം( സർക്കാർ ഉത്തരവ് നമ്പർ10108/2016/Fin 30.12.2016 പ്രകാരം) ഡെപ്യൂട്ടി ഡയരക്ടർ മൃഗസംരക്ഷണവകുപ്പ് മലപ്പുറത്തിന് തെരുവുനായ പ്രജനന നിയന്ത്രണപദ്ധതി നടത്തിപ്പിനായി കൈമാറിയിട്ടുണ്ട്. 16.3.2017 ന് ഡെപ്യൂട്ടി ഡയരക്ടറുടെ പേരിലുള്ള സ്പെഷ്യൽ ടി.എസ്.ബി. അക്കൗണ്ട് നമ്പർ 799011400000305 ലേയ്ക്ക് തുക കൈമാറിയതിന് കൈപ്പററ് രശീതി ഹാജരാക്കിയില്ല. ഓഡിററ് എൻക്വയറി നമ്പർ16/25.8.2017 പ്രകാരം വിനിയോഗ സാക്ഷ്യപ്പത്രം ഹാജരാക്കാൻ നിർദ്ദേശിച്ചു. വിനിയോഗ സാക്ഷ്യപ്പത്രം ഹാജരാക്കുന്നതുവരെ ചെലവു തുക 50,000/- രൂപ ഓഡിററിൽ തടസ്സം ചെയ്യുന്നു

## 3-16 ആശ്രയ പ്രേജക്ട് തുടർ സേവനപദ്ധതി(ഒന്നാം ഘട്ടം)തുടർസേവന പദ്ധതി നടപ്പിലാക്കിയില്ല, രണ്ടാം ഘട്ടപദ്ധതി വീടുനിർമ്മാണം മാത്രമായി ചുരുക്കി

സ.ഉ( എം എസ് )ന 4/2016ത.സ്വ.ഭ.വ തീയതി 11.1.16പ്രകാരമുള്ള തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുടെ പദ്ധതി ആസൂത്രണവും സബ്സിഡിയറി അനുബന്ധവിഷയങ്ങളും സംബന്ധിച്ച മാർഗരേഖയിലെ പൊതു നിർദ്ദേശങ്ങൾ 12.3 ൽ ദാരിദ്ര്യരേഖയ്ക്കു താഴെയുള്ളവരുടെ ഇല്ലായ്മകൾ സ്ഥിതിവിവരകണക്കുകളുടെ അടിസ്ഥാനത്തിൽ തയ്യാറാക്കി, ഒരു നിശ്ചിതകാലയളവിനുള്ളിൽ ഇല്ലായ്മകൾ പൂർണമായി പരിഹരിയ്ക്കുന്നതിനുള്ള ഒരു പദ്ധതിയ്ക്ക് ഓരോ തദ്ദേശസ്വയംഭരണസ്ഥാപനവും രൂപം നൽകണം. കുടുംബശ്രീ സംഘടനാ സംവിധാനത്തെ ഉപയോഗപ്പെടുത്തി അയൽക്കൂട്ടതലത്തിലും വാർഡ് തലത്തിലും ഗ്രാമപഞ്ചായത്ത് തലത്തിലും പദ്ധതി തയ്യാറാക്കണം. ഇങ്ങനെ തയ്യാറാക്കുന്ന പദ്ധതിയുടെ അടിസ്ഥാനത്തിൽ ദാരിദ്ര്യനിർമാർജന ഉപപദ്ധതിയ്ക്ക് രൂപം നൽകണം. മാർഗരേഖയിൽ അനുബന്ധം 13 ആയി ചേർത്ത പരിചരണ സേവനപാക്കേജ് പരിഗണിച്ച് , ഒരു ആശ്രയ പദ്ധതിതയ്യാറാക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്.പൂക്കോട്ടൂർഗ്രാമ പഞ്ചായത്തിൽ ആശ്രയ രണ്ടാം ഘട്ട പദ്ധതി 2014-17 കാലയളവിന് സ.ഉ (സാധാ.)നമ്പർ 2193/2015/എൽ.എസ്.ജി.ഡി.207.15 പ്രകാരം അംഗീകാരം ലഭിച്ചിരുന്നു. 2016-17 കാല യളവിൽ 4 ഗുണഭോക്താക്കൾക്ക് വീടുനിർമ്മാണം മാത്രമാണ് നടത്തിയിട്ടുള്ളത്.പദ്ധതിയിൽ ഉൾപ്പെട്ടിരുന്ന ഭക്ഷണം, ചികിത്സ, വിദ്യാഭ്യാസം, വസ്ത്രം, അടിയന്തിരാവശ്യങ്ങൾ, ചികിത്സാ ക്യാമ്പ് തുടങ്ങിയവയൊന്നും നടപ്പിലാക്കിയില്ല.അസിസ്ററന്റ് സെക്രട്ടറി നിർവ്വഹണം നടത്തിയ പ്രൊജക്ട നമ്പർ SO122/17 പ്രകാരം ധനകാര്യ കമ്മീഷൻ ഗ്രാന്റ് 125000 രൂപയും സംസ്ഥാനവിഷ്കൃത ഫണ്ട് 500000 രൂപയും ചേർത്ത് ആകെ 1750000 രൂപ വകയിരുത്തിയതിൽ ധനകാര്യ കമ്മീഷൻ ഗ്രാന്റ് മാത്രമാണ് ബിൽ നമ്പർ 1/16-17 28.2.17പ്രകാരം ആശ്രയ പദ്ധതിക്കായി നൽകിയത്. വിഭാവന ചെയ്ത സംസ്ഥാനവിഷ്കൃത ഫണ്ട് ലഭിച്ചില്ല. ബ്ളോക്ക് - ജില്ലാ പഞ്ചായത്ത് വിഹിതം വകയിരുത്താതെയാണ് പദ്ധതിക്ക് അംഗീകാരം_വാങ്ങിയത്.

അനുവദിച്ച ഫണ്ടുപയോഗിച്ച് രണ്ടരലക്ഷം വീതം 4 ഗുണഭോക്താക്കൾക്കും കൂടി പത്ത് ലക്ഷം രൂപ ചെലവഴിച്ച് ആശ്രയ വെറും വീടുനിർമ്മാണം മാത്രമായി ചുരുങ്ങി ഉദ്ദിഷ്ട ലക്ഷ്യം കൈവരിച്ചില്ല എന്ന് വിലയിരുത്തുന്നു.അഗതികൾക്കായുള്ള പദ്ധതി ജില്ലാ-ബ്ളോക്ക് വിഹിതം ഉൾപ്പെടുത്തി അർഹമായ പ്രാധാന്യം നല്കി നടപ്പിലാക്കേണ്ടതാണ്.

ആശ്രയ പദ്ധതിയുടെ ബാങ്ക് അക്കൗണ്ട്

ആശ്രയ പദ്ധതി ഒന്നാം ഘട്ടത്തിനായി തുടങ്ങിയിരുന്ന കാനറാ ബാങ്കിന്റെ വള്ളുവമ്പ്രം ശാഖയിലെ അക്കൗണ്ട് നമ്പർ 1695101006692 ൽ 31.7.17ന് 1241310/-രൂപ നീക്കിയിരിപ്പുണ്ട്. രണ്ടാം ഘട്ടത്തിനായി അക്കൗണ്ട് നമ്പർ 1695101020905 അതേ ബാങ്കിൽ തുടങ്ങിയ അക്കൗണ്ടിൽ 31.7.17ന് 254314 രൂപ നീക്കിയിരിപ്പുണ്ട്. ഒരേ ഉദ്ദേശത്തിന് രണ്ട് ബാങ്ക് അക്കൗണ്ട് പാടില്ലാത്തതിനാൽ തുക ഒററ ബാങ്ക് അക്കൗണ്ടിൽ സൂക്ഷിക്കേണ്ടതാണ്. ഒന്നാം ഘട്ടത്തിലെ തുക രണ്ടാം ഘട്ടത്തിന് വിനിയോഗിക്കാനുള്ള അനുമതി ലഭ്യമാക്കേണ്ടതാണ്.

## 3-17 ശാരീരികമാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ് തുക കുറവായി നൽകി

ശാരീരിക,മാനസിക വെല്ലുവിളികൾനേരിടുന്ന വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പു തുക കുറവായി നൽകി

പ്രോജക്ട് നം 20/17,

പ്രോജക്ടിന്റെപേര് ശാരീരിക,മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ്

അടങ്കൽ : 7ലക്ഷം

ബിൽ നം: 22/16-17 തീയതി: 28.03.2017 : തുക: 7ലക്ഷം/-

ഫണ്ട് :വികസന ഫണ്ട്.

നിർവ്വഹണം : ഐ.സി.ഡി.എസ്.സൂപ്പർവൈസർ

11.01.2016ലെ ജി.ഒ.(എം.എസ്)4/2016/ത.സ്വ.ഭ.വ.നമ്പർ സർക്കാർ ഉത്തരവ് ഖണ്ഡിക 9(iv)പ്രകാരം ശാരീരിക-മാനസിക വെല്ലുവിളികൾ നേരിടുന്നവർക്ക് നൽകുന്ന സ്കോളർഷിപ്പിനും ബത്തയ്ക്കുമുള്ള തുക നിർബന്ധമായും വകയിരുത്തേണ്ടതുണ്ട്. പ്രസ്തുത ഉത്തരവിലെ സബ്സിഡി മാർഗ്ഗരേഖ ഖണ്ഡിക നമ്പർ 5.8 പ്രകാരം ശാരീരിക-മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്ക് നൽകേണ്ട സ്കോളർഷിപ്പ് തുകയുടെ നിരക്കുകൾ നൽകുകയും നിശ്ചിത നിരക്കുകൾ പ്രകാരം സ്കോളർഷിപ്പ് നൽകേണ്ടതാണെന്ന് നിർദ്ദേശിക്കുകയും ചെയ്തിട്ടുണ്ട്.

സർക്കാർ ഉത്തരവ് പ്രകാരമുള്ള നിരക്കുകൾ താഴെ കൊടുക്കുന്നു.

(എ)ശാരീരിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾ

| ക്രമ നം. | സ്റ്റാന്റേർഡ് / ക്ലാസ്സ് | പ്രതിമാസ സ്കോളർഷിപ്പ്/ബത്തയുടെ നിരക്ക് (രൂപ) | വാർഷിക ബത്ത(പ്രതിമാസ സ്കോളർഷിപ്പിനു പുറമെ) |
|---|---|---|---|

| | | | | |
|---|---|---|---|---|
| | | ഡേസ്കോളർ | ഹോസ്റ്റലർ | |
| 1 | 1-4/ നഴ്സറി ക്ലാസ്സ് | 400 | 600 | 500 |
| 2 | 5-8 | 500 | 750 | 600 |
| 3 | 9,10,+1,+2 | 600 | 800 | 800 |
| 4 | ബിരുദം | 800 | 1250 | 1000 |
| 5 | ബിരുദാനന്തര ബിരുദം | 1000 | 1500 | 1500 |
| 6 | വൊക്കേഷനൽ പരിശീലനം | 1000 | 1500 | 1500 |
| 7 | ചലനവൈകല്യമുള്ളവർക്ക് യാത്രാ ബത്ത (വിദ്യാലയങ്ങളിൽ പോകുന്ന മാസങ്ങളിൽ മാത്രം) | 400 | - | - |

(ബി) മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾ

| ക്രമ നം. | ഇനം | സ്കോളർഷിപ്പ്/ബത്ത (രൂപ) |
|---|---|---|
| 1 | സ്കോളർഷിപ്പ് (പ്രതിമാസം) | 1000 |
| 2 | വസ്തുങ്ങൾക്കുള്ള ബത്ത (വാർഷികം) | 800 |
| 3 | പഠനസഹായി/സാമഗ്രികൾക്ക് ബത്ത(വാർഷികം) | 1400 |
| 4 | ഡേസ്കോളർക്ക് യാത്രാബത്ത (പ്രതിമാസം) | 400 |
| 5 | ഉല്ലാസയാത്ര/പഠനയാത്ര | 1000 |

ഡേസ്കോളറായ മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്ക് ഉല്ലാസയാത്ര/പഠനയാത്ര നടത്താത്ത പക്ഷം വർഷത്തിൽ 18200 രൂപ സ്കോളർഷിപ്പ്/ബത്തയായി ലഭിക്കാൻ അർഹതയുണ്ട്. ഉല്ലാസയാത്ര/പഠനയാത്ര നടത്തിയാൽ 19200രൂപയ്ക്കും അർഹതയുണ്ട്.

എന്നാൽ സർക്കാർ ഉത്തരവിലൂടെ നൽകാൻ നിർദ്ദേശിച്ച നിരക്കിൽ നിന്നും കുറഞ്ഞ തുകയാണ്ഗ്രാമപഞ്ചായത്ത് വിതരണം ചെയ്തത്.

1.ശാരീരിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്ക് വിതരണം നടത്തിയത്

| സ്റ്റാന്റേർഡ് / ക്ലാസ്സ് | കുട്ടികളുടെ എണ്ണം | അർഹതയുള്ള തുക | വിതരണം ചെയ്ത തുക | വ്യത്യാസം |
|---|---|---|---|---|
| 1-4/ നഴ്സറി ക്ലാസ്സ് | 7 | [400*12+500<br>5300*7]=37100 | 4500*7=31500 | 5600 |
| 5-8 | 7 | [500*12+600<br>6600*7]=46200 | 5600*7=39200 | 7000 |
| 9,10,+1,+2 | 9 | [600*12+800<br>8000*9]=72000 | 6800*9=61200 | 10800 |
| ബിരുദം | 2 | [800*12+1000<br>10600*2]=21200 | 10500*2=21000 | 200 |
| ബിരുദാനന്തരബിരുദം | 2 | [1000*12+1500<br>13500*2]=27000 | 16000*2=32000 | +5000 |
| | | | | 23600 |

2.മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്ക് വിതരണം നടത്തിയത്

| കുട്ടികളുടെ എണ്ണം | അർഹതയുള്ള തുക | വിതരണം ചെയ്ത തുക | വ്യത്യാസം | റിമാർക്സ് |
|---|---|---|---|---|
| 48 | 18,200*48<br>873600 | 1750*48<br>516000 | 357600 | ഉല്ലാസ യാത്ര / പഠന യാത്രാ ബത്ത പരിഗണിച്ചിട്ടില്ല |

സർക്കാർ ഉത്തരവ് നിരക്ക് പ്രകാരം സ്കോളർഷിപ്പ് തുക നൽകാത്തതിനാൽ ശാരീരിക , മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്ക് ആകെ (23600+357600)= 381200 രൂപയുടെ സ്കോളർഷിപ്പ്, ബത്ത എന്നിവ നഷ്ടപ്പെട്ടിട്ടുണ്ട്.

ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്കു വേണ്ടി സർക്കാർ നിശ്ചയിച്ചനിരക്കിലുള്ള തുക പ്രൊജക്ടിൽ വകയിരുത്തേണ്ടതും അർഹമായ തുക ലഭ്യമാക്കുകയും ചെയ്യുന്നുവെന്ന് ഉറപ്പ് വരുത്തേണ്ടതുമാണ്.

## 3-18 എസ് .എസ് .എ -വിനിയോഗവിവരം ലഭ്യമാക്കിയില്ല

19ലക്ഷം രൂപ അടങ്കലായി ഹെഡ്മാസ്ററർ നിർവഹണഉദ്യോഗസ്ഥനായി നടപ്പിലാക്കിയ എസ് എസ് എ യ്ക്കു വിഹിതം നൽകൽ എന്ന പദ്ധതി പ്രകാരം (പ്രൊജക്ട് നം S0038/17) 19,00000 രൂപ വികസനഫണ്ടിൽ നിന്നും പിൻവലിച്ച് (ബിൽ നം 1/16-17 തീ 11.1.17) എസ് എസ് എ യ്ക്കു നൽകിയിട്ടുണ്ട്.എന്നാൽ തുക ചെലവഴിച്ചതിന്റെ വിനിയോഗസാക്ഷ്യപത്രം ഓഡിറ്റിനു ഹാജരാക്കിയിട്ടില്ല.

ഇതു സംബന്ധിച്ച 21/29.8.17നമ്പറായി ഓഡിറ്റ് എൻക്വയറി നല്കിയെങ്കിലുംപ്രൊജക്ടിനു വകയിരുത്തുമ്പോൾ ഹാജരാക്കുന്ന സാക്ഷ്യപത്രമാണ് മറുപടിയായി ലഭ്യമാക്കിയിട്ടുള്ളത്.എസ് എസ് എ യ്ക്കു വേണ്ടി പിൻവലിച്ച തുക ഏതെല്ലാം സ്കൂളുകൾക്ക് ,ഏതെല്ലാം ഇനത്തിൽ ചെലവഴിച്ചു എന്നതു സംബന്ധിച്ച്

വിശദമായ വിനിയോഗവവിവരം ലഭ്യമാക്കുന്നതുവരെ പദ്ധതിയ്ക്ക് വേണ്ടി ചെലവഴിച്ച 19,00000 രൂപ തടസ്സം ചെയ്യുന്നു

## 3-19 ഹെഡ്മാസ്റ്റർ നിർവ്വഹണം നടത്തിയ പ്രൊജക്ടുകളിലെ അപാകതകൾ

ഹെഡ്മാസ്റ്റർ നിർവ്വഹണോദ്യോഗസ്ഥനായി നടപ്പിലാക്കിയ താഴെപ്പറയുന്ന പ്രൊജക്ടുകൾ പ്രകാരം മെയിന്റനൻസ് ഫണ്ടിൽ നിന്നും തുക പിൻവലിച്ച് കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും വാങ്ങുന്നതിനു വേണ്ടി ആംസ്റ്റർ ബിസിനസ് കോർപ്പറേഷൻ,കൊണ്ടോട്ടി എന്ന സ്ഥാപനത്തിനു നൽകിയിട്ടുണ്ട്. 5 സ്കൂളുകൾക്കാണ് ഉപകരണങ്ങൾ വാങ്ങി നൽകിയിട്ടുള്ളത്.വിശദവിവരം താഴെ ചേർക്കുന്നു

| പ്രൊജക്ട് നം &പേര് | അടങ്കൽ | ബിൽ നം &തീയതി | തുക | ഇൻവോയ്സ് നം &തീയതി | എണ്ണം | തുക |
|---|---|---|---|---|---|---|
| 41/16-17ഗവഎൽ പി യു പി സ്കൂളുകൾക്ക്ലാപ്ടോപ്പ് വാങ്ങൽ | 185000 | 2/16-17 30.3.17 | 186450 | 16/24.3.17 | 5*351430 | 186450 |
| 44/16-17ഗവ എൽ പി യു പി സ്കൂളുകൾക്ക് പ്രിൻറർ വാങ്ങൽ | 45000 | 3/16-17 30.3.17 | 44950 | 17/16-17 | 5*8562 | 44950 |
| 40/16-17ഗവ എൽ പി യു പി സ്കൂളുകൾക്ക് പ്രൊജക്ടർ വാങ്ങൽ | 210000 | 6/16-17 30.3.17 | 188500 | 22/16-17 | 5*32925.8 | 188500 |

ആകെ 419900/-

മേൽ പ്രൊജക്ടുകളുടെ നടത്തിപ്പിൽ താഴെപ്പറയുന്ന അപാകത കാണുന്നു

ത. സ്വ ഭ .വകുപ്പിന്റെ 18.3.17 തീയതിയിലെ സ ഉ (സാധാ) 1278/16 പ്രകാരം കമ്പ്യൂട്ടർ അനുബന്ധ ഉപകരണങ്ങൾ ഇവയുടെ മെയിന്റനൻസ് എന്നിവയ്ക്ക് ഐ കെ എമ്മിനെ ചുമതലപ്പെടുത്തി ഉത്തരവായിട്ടുണ്ട് എന്നിരിക്കെ സർക്കാർ അനുമതിയില്ലാതെ ആംസ്റ്റർ ബിസിനസ് കോർപ്പറേഷൻ,കൊണ്ടോട്ടി യിൽ നിന്നും വാങ്ങിയത് ക്രമപ്രകാരമല്ല.

മേൽ അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (22/29.8.17) പ്രസ്തുത ഉത്തരവിനെ കുറിച്ച് തനിക്കറിവില്ലായിരുന്നു എന്നാണ് ഹെഡ്മാസ്റ്റർ മറുപടി നൽകിയിട്ടുള്ളത്. മാർഗരേഖയിലെ നിർദേശത്തിനു വിരുദ്ധമായി തുക ചെലവഴിച്ചതിനാൽ അനുമതി ഉത്തരവ് ലഭ്യമാക്കുന്നതുവരെ പ്രൊജക്ടിനു വേണ്ടി ചെലവഴിച്ച തുക ഓഡിററിൽ തടസ്സം ചെയ്യുന്നു

## 3-20 അളവ് പുസ്തകത്തിൽ തെറ്റായ വിവരം രേഖപ്പെടുത്തി കൺവീനർക്ക് അധിക തുക നൽകി. ഓഡിറ്റ് നിർദ്ദേശത്തെ തുടർന്ന് 6633 രൂപ തിരിച്ചടച്ചു.

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി ഗുണഭോക്തൃ സമിതി മുഖേന നടപ്പിലാക്കിയ പനക്കൽകുണ്ട് അംഗൻവാടി റിപ്പയർ എന്ന പ്രവൃത്തിയിൽ മുൻ ഭാഗത്ത് ഷീറ്റ് റൂഫിങ് പ്രവൃത്തിക്ക് വേണ്ടി 8 മീറ്റർ നീളത്തിൽ 3 റാഫ്റ്റർ ഫിറ്റ് ചെയ്തതായി അളവ് പുസ്തകത്തിൽ രേഖപ്പെടുത്തി കൺവീനർക്ക് തുക നൽകിയിട്ടുണ്ട്. എന്നാൽ 24.8.2017ന് ഗ്രാമ പഞ്ചായത്ത് അസിസ്റ്റന്റ് എഞ്ചിനീയറുടെ സാന്നിധ്യത്തിൽ

പ്രവൃത്തി സ്ഥലം സന്ദർശിച്ചപ്പോൾ 1 റാഫ്റ്റർ മാത്രമാണ് അവിടെ ഉള്ളതെന്ന് മനസ്സിലായി. 8 മീറ്റർ നീളത്തിൽ 2 റാഫ്റ്ററിനായി അധികം നൽകിയ തുക 117010104144/30.8.2017 നമ്പർ രസീത് പ്രകാരം ഗ്രാമ പഞ്ചായത്തിൽ അടവാക്കി അപാകതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രവൃത്തി | ഇനം | തെറ്റായി അളവ് പുസ്തകത്തിൽ രേഖപ്പെടുത്തിയ റാഫ്റ്ററിന്റെ തൂക്കം | നൽകിയ തുക @115.15 |
|---|---|---|---|
| പനക്കൽകുണ്ട് അംഗൻവാടിറിപ്പയർ (105/17). ബിൽ 20/20.3.2017<br>തുക 138763<br>അളവ് പുസ്തകം 24/16-17<br>കൺവീനർ. ശ്രീ നവാഫ്.കെ | GI പൈപ്പ് (50mm)ഫോർറാഫ്റ്റർ | 57.60Kg(2*8m=16m*3.6Kg) | 6633 |

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതംനൽകിയ സ്ഥാപനം | പ്രവൃത്തിയുടെ പേര് | ലഭിച്ച തുക | ചെലവഴിച്ച തുക | നീക്കിയിരിപ്പ് |
|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | പ്രൊജക്ട്നം.45 നെൽകൃഷി വിത്ത് - കൂലിചെലവ് | 54000 | 54000 | പൂർത്തീകരിച്ചില്ല |

### 4-2 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | ബിൽ/ചെക്ക് നമ്പർ | മുൻകൂർ നൽകിയതുക | ചെലവഴിച്ച തുക | പൂർത്തീകരിച്ച വിവരം | ബാക്കി തുക |
|---|---|---|---|---|---|---|
| കേരളസ്റ്റേററ് ഇലക്ട്രിസിററി ബോർഡ് | സമ്പൂർണ്ണ വൈദ്യുതീകരണം | 15/16-17<br>8.3.17 | 300000 | 300000 | പൂർത്തീകരിച്ചില്ല | ഇല്ല |
| " | നിലവിലുള്ള തെരുവുവിളക്കുകൾക്ക് | 18/16-17 | 698400 | 698400 | പൂർത്തീകരിച്ചില്ല | ഇല്ല |

| | | | | | | |
|---|---|---|---|---|---|---|
| | മീററർ സ്ഥാപിക്കൽ | 8.3.17 | | | | |
| പി ഡബ്ല്യുഡി ഇലക്ട്രിക്കൽ ഡിവിഷൻ | പഞ്ചായത്ത് ഓഡിറ്റോറിയം റീവയറിംഗ് അനുബന്ധ പ്രവൃത്തികൾ | 18/16-17 8.3.17 | 479250 | 479250 | പൂർത്തീകരിച്ചില്ല | ഇല്ല |
| പി ഡബ്ല്യു ഡി ഇലക്ട്രിക്കൽ ഡിവിഷൻ | അംഗനവാടി വൈദ്യുതീകരണം | 30/16-17 27.3.17 | 225000 | 225000 | പൂർത്തീകരിച്ചില്ല | ഇല്ല |
| വാട്ടർ അതോറിറ്റി | തൃക്കലങ്ങോട് കുടിവെള്ളപദ്ധതി | 23/16-17 13.3.17 | 150000 | 150000 | പൂർത്തീകരിച്ചില്ല | ഇല്ല |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല

## 4-4 വായ്പ തിരിച്ചടവ്

**(എ)** വായ്പ/വിനിയോഗം/വീഴ്ചകൾ എന്നിവയുടെ വിവരം.

ഇല്ല

**(ബി)** വായ്പ തിരിച്ചടവിന്റെ വിവരം.

ഇല്ല

## 4-5 സ്ഥിരനിക്ഷേപം

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

ഓഡിറ്റ് റിക്കവറിയിനത്തിൽ തൻവർഷം തുക ഈടാക്കിയിട്ടില്ല

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

പഞ്ചായത്തില മുൻവർഷ ഓഡിററ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിററ് നിയമം23 -ാം വകുപ്പു പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളിൽ തീർപ്പാക്കാനവശേഷിക്കുന്നവയുടെ വിശദവിവരങ്ങൾ താഴെ ചേർക്കുന്നു

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 1999-00 | 49 | 2004-05 | 49 | കൃഷി അവലോകനം | നിയമസഭാസമിതിയുടെ പരിഗണനയിലാണ് |
| 2008-09 | 3.27 | 2011-12 | 3.27 | ലഘുഅവലോകനം | നിയമസഭാസമിതിയുടെ |

| | | | | | |
|---|---|---|---|---|---|
| | | | | | പരിഗണനയിലാണ് |

# 4-8 ഓഡിററ് പ്രത്യവലകനം

എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 49818376 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 45385884 |
| വരവിനങ്ങളിലുള്ള നഷ്ടം | 1700 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 4810430 |

ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നം | നഷ്ടമായതുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 2-4 | 1200 | വേണു പി സെക്രട്ടറി |
| 2-4 | 500 | ആബിദ ടി സെക്രട്ടറി |
| | 1700 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെപേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-5 | 50000 | ശ്രീ. നിഖിൽ ജെ. കുമാർ, അസിസ്റ്റന്റ് എഞ്ചിനീയർ |
| 3-7 | 385600 | ശ്രീ. ഉമ്മർ പള്ളിയാളി, മെഡിക്കൽ ഓഫീസർ (PHC) |
| 3-11 | 1904930 | ശ്രീമതി. ആബിദ.ടി, സെക്രട്ടറി |
| 3-12 | 100000 | ശ്രീമതി.ആബിദ.ടി., സെക്രട്ടറി |
| 3-15 | 50000 | ശ്രീമതി. ബിന്ദു.പി.പിള്ള, വെറ്ററിനറി സർജൻ |
| 3-18 | 1900000 | ശ്രീ. ഹംസ. പി.കെ, ഹെഡ് മാസ്റ്റർ |
| 3-19 | 419900 | ,, |

സി) കേന്ദ്ര – സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിൻെറ വിവരം

ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| വേണു പി<br>സെക്രട്ടറി | വിരമിച്ചു | അളകനന്ദ ഡി പി ഒ റോഡ്<br>ശാന്തിനഗർ<br>മലപ്പുറം |
| ആബിദ ടി | സെക്രട്ടറി<br>തിരുവമ്പാടി ഗ്രാ.പ<br>കോഴിക്കോട് | ലുലുക്കാസ് അപ്പാർട്ട്മെന്റ്സ്<br>ഡോർനം 14<br>കമ്പനിമുക്ക് |

## 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാന വശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1992-93,1993-94 | എൽ എഫ് എം/14/677/97തീയതി.19.10.10 | 15 |
| 1994-95,1995-96 | എൽ എഫ് എം/14/450/01തീയതി.19.10.10 | 12 |
| 1998-99 | എൽ എഫ് എം17/1330/03തീയതി.19.10.10 | 28 |
| 1999-00 | എൽ എഫ് എം17/688/03തീയതി.19.10.10 | 5 |
| 2000-01 | എൽ എഫ് എം17/377/04തീയതി.19.10.10 | 36 |
| 2001-02 | എൽ എഫ് എം17/1196/03തീയതി.19.10.10 | 6 |
| 2002-03 | എൽ എഫ് എം17/1732/04തീയതി.19.10.10 | 11 |
| 2003-04 | എൽ എഫ് എം17/2074/06തീയതി.19.10.10 | 23 |

| | | |
|---|---|---|
| 2004-05 | എൽ എഫ് എം10/932/09തീയതി.19.10.10 | 21 |
| 2005-06 | കെഎസ്എഎംപിഎം11/1993തീയതി.31.1`0.15 | 25 |
| 2006-07 | എൽ എഫ് എം10/443/09തീയതി.19.10.10 | 47 |
| 2007-08 | കെഎസ്എഎംപിഎം10/249/11തീയതി.2.7.12 | 9 |
| 2008-09 | എൽ എഫ് എം10/2493/11തീയതി.2.7.12 | 12 |
| 2009-10,2010-11 | എൽ എഫ് എം11/1611/13തീയതി.10.4.14 | 23 |
| 2011-12 | കെ എസ് എ എം പി എം11/356/14തീയതി.22.9.15 | 16 |
| 2012-13 | കെ എസ് എ എം പി എം11/8/16തീയതി.1.3.16 | 8 |
| 2013-14,2014-15 | കെഎസ്എഎം പി എം27/1770/16തീയതി.20.7.16 | 18 |
| 2015-16 | കെ എസ് എ എം പി എം27/3008/16തീയതി.6.2.17 | 17 |

ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

എം.എ.10/17

## അനുബന്ധം - 1

## ഓഡിററ് സർട്ടിഫിക്കറ്റ്

കെ.എസ്.എ.എം.പി.എം.27/2012/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം
പിൻ- 676 505 ഫോൺ- 0483-2734951
ഇ-മെയിൽ- dompm.ksad@kerala.gov.i

തീയ്യതി: 19-10-2017

1994- ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4 ാം-വകുപ്പ് 1994 ലെ കേരള പഞ്ചായത്ത് നിയമത്തിന്റെ 215- ാം വകുപ്പ് , ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്'ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാന്റേഡുകൾ അവലംബിച്ചും മലപ്പുറം ജില്ലയിലെ പൂക്കോട്ടൂർ ഗ്രാമപഞ്ചായത്തിന്റെ 2016-17 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ പൂക്കോട്ടൂർഗ്രാമ പഞ്ചായത്തിന്റെ 2016-17 വാർഷിക ധനകാര്യ പത്രികയുടെ വരവ്-ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

AUDIT CERTIFICATE

No.KSA/MPM27/2012/2017

Kerala State Audit Department
District office ,Malappuram
Phone: 0483 -2734951
Email: dompm.ksad@kerala.gov.in
Date:19-10-2017

Certified that I have audited the Annual Financial Statement of Pookkottur Grama panchayath in Malappuram District of the year ended on 31.3.2016 in accordance with section 4 of the Kerala Local Fund Audit Act 1994, Section 215 of the Kerala Panchayath Raj Act 1994, the rules made there under and the guidelines issued by the Comptroller And Auditor Genaral of India of the purpose of audit of accounts of Panchayath Raj Institutions.

In my opinion, the Financial Statements of Pookkottur Grama panchayath for the year 2016-17 except the observations in my audit report properly presents the picture of income and expenditure.

Deputy Director

Kerala State Audit Department